2023
OCTOBER
09
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# ഇസ്രയേൽ,പലസ്തീൻ സംഘർഷം; മരണസംഖ്യ 1,200 കടന്നു

- ഇസ്രയേലിന് ഇന്ത്യയുടെയും അമേരിക്കയുടെയും പൂർണ പിന്തുണ
- അമേരിക്കൻ യുദ്ധക്കപ്പലുകളും പോർവിമാനങ്ങളും ഇസ്രയേലിലേയ്ക്ക്



**ടെൽ അവീവ്:** ഇസ്രയേൽപലസ്തീൻ സംഘർഷം രൂക്ഷമായി തുടരുന്നതിനിടെ ഇരുരാജ്യങ്ങളിലുമായി മരണം 1,200 കടന്നു.

ഇസ്രയേലിൽ ഹമാസ് നടത്തിയ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 700 കടന്നു. ഗാസയിൽ ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ 450 പേർ കൊല്ലപ്പെട്ടുവെന്നാണ് വിവരം.

ഗാസയിലെ 800 കേന്ദ്രങ്ങളിൽ ഇസ്രയേൽ സൈന്യം ആക്രമണം നടത്തിയെന്നാണ് സൂചന. നൂറിലേറെ ഇസ്രയേൽ പൗരന്മാരെ ബന്ദികളാക്കിയെന്ന് ഹമാസ് ഭീകരരും ും അറിയിച്ചു.

കൂടാതെ, 30 ഇസ്രയേൽ പൗരന്മാർ തങ്ങളുടെ പിടിയിലുണ്ടെന്ന് ഇസ്ലാമിക് ജിഹാദ് അവകാശപ്പെട്ടു. ഇവരെ വിട്ടയക്കണമെങ്കിൽ തടവിലുള്ള പലസ്തീൻ പൗരന്മാരെ വിട്ടയക്കണമെന്നാണ് ആവശ്യം.

അതേസമയം, ഇസ്രയേലിന് അമേരിക്കൻ പ്രസിഡൻറ് ജോ ബൈഡൻ പൂർണ പിന്തുണ പ്രഖ്യാപിച്ചതിന് പിന്നാലെ അമേരിക്കൻ യുദ്ധക്കപ്പലുകളും പോർവിമാനങ്ങളും ഇസ്രയേൽ ഭാഗത്തേക്ക് പുറപ്പെട്ടു.

ഇസ്രയേലിന് അമേരിക്കയുടെ സൈനിക സഹായം നൽകി തുടങ്ങിയെന്ന് ബൈഡൻ അറിയിച്ചു. വരും ദിവസങ്ങളിൽ കൂടുതൽ സൈനിക സഹായം അമേരിക്ക ലഭ്യമാക്കും. ഭീകരവാദത്തിനെതിരെ എല്ലാ രാജ്യങ്ങളും ഒരുമിക്കണമെന്നും ബൈഡൻ പറഞ്ഞു. ഹമാസ് ബന്ദികളാക്കിയ ഇസ്രയേലികളെക്കുറിച്ചും ഇരു നേതാക്കളും ചർച്ച നടത്തി.

# റിസർവ് ബാങ്ക് പണനയം: പലിശനിരക്കിൽ മാറ്റമില്ല




**ന്യൂഡൽഹി:** തുടർച്ചയായി നാലാം തവണയും റിസർവ് ബാങ്ക് പലിശനിരക്ക് വർധിപ്പിച്ചില്ല. ആർബിഐ വാണിജ്യ ബാങ്കുകൾക്ക് നൽകുന്ന ഹ്രസ്വകാല വായ്പയുടെ പലിശനിരക്കായ റീപ്പോ 6.5% ആയി തുടരും.

2 മാസത്തേക്കു കൂടി ഭവന,വാഹന,വ്യക്തിഗത വായ്പകളുടെ പലിശ നിലവിലെ നിരക്കിൽ തുടരുമെന്നതിനാൽ വായ്പയെടുത്തവർക്ക് തിരിച്ചടവ് ഭാരം കൂടില്ല. പലിശനിരക്ക് തീരുമാനിക്കുന്ന ആർബിഐ പണനയസമിതിയുടെ (എംപിസി) അടുത്ത യോഗം ഡിസംബർ 6 മുതൽ 8 വരെയാണ്.

വിലക്കയറ്റ ഭീഷണി തുടരുന്നതിനാൽ പലിശനിരക്ക് കുറയ്ക്കാനുള്ള സമയമായിട്ടില്ലെന്നും റിസർവ് ബാങ്ക് സൂചന നൽകി.തുടർച്ചയായി നിരക്ക് 4 ശതമാനത്തിനടുത്ത് എത്തിയാൽ മാത്രമേ പലിശനിരക്ക് കുറയാൻ സാധ്യതയുള്ളൂ. എന്നാൽ അടുത്ത 3 പാദങ്ങളിലെ ശരാശരി വിലക്കയറ്റത്തോത് സംബന്ധിച്ച ആർബിഐ അനുമാനം 5 ശതമാനത്തിനു മുകളിലാണ്.

ചുരുക്കത്തിൽ അടുത്ത വർഷത്തിന്റെ പകുതിക്കു ശേഷമേ പലിശകുറയ്ക്കാൻ സാധ്യതയുള്ളൂ. ഭക്ഷ്യോൽപന്നവിലയിലുണ്ടാകുന്ന വർധനയാണ് പ്രധാന ആശങ്ക.

തുടർച്ചയായി 6 തവണത്തെ വർധനയ്ക്കു ശേഷം ഏപ്രിലിലാണ് പലിശനിരക്ക് വർധനയിൽ ആർബിഐ ആദ്യമായി ഇടവേളയെടുത്തത്. പിന്നീടുള്ള 7 മാസവും പലിശനിരക്കിൽ മാറ്റമുണ്ടായിട്ടില്ല. നിലവിലെ പലിശനിരക്ക് തുടരാനുള്ള റിസർവ് ബാങ്ക് പണനയസമിതിയുടെ (എംപിസി) തീരുമാനം ഇത്തവണയും ഏകകണ്ഠമാണ്

# സപ്ലൈകോയിൽ സബ്സിഡി സാധനങ്ങൾക്കു ക്ഷാമം

**കൊച്ചി:** സപ്ലൈകോ സ്റ്റോറുകളിൽ സബ്സിഡി സാധനങ്ങൾക്കു വീണ്ടും ക്ഷാമം. സെപ്റ്റംബർ മാസത്തെ ടെൻഡറിൽ സബ്സിഡി സാധനങ്ങളുടെ അളവ് നാലിലൊന്നായി വെട്ടിച്ചുരുക്കിയതോടെ വരും ദിവസങ്ങളിലും സബ്സിഡി സാധനങ്ങൾക്കു ക്ഷാമമാകുമെന്നുറപ്പ്. പഞ്ചസാരയും പച്ചരിയും ഒഴിവാക്കിയാണ് കഴിഞ്ഞമാസം ടെൻഡർ നൽകിയിട്ടുള്ളത്. വറ്റൽമുളക് നേരത്തെ തന്നെ ഒഴിവാക്കിയിട്ടുണ്ട്. വൻപയർ 1600 ക്വിന്റൽ, തുവരപ്പരിപ്പ് 2600 ക്വിന്റൽ, ഉഴുന്നുപരിപ്പ് 5500 ക്വിന്റൽ, മല്ലി 3640 ക്വിന്റൽ എന്നിങ്ങനെ അളവ് കുറച്ചാണ് ടെൻഡറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സാധനങ്ങൾക്കെല്ലാം ഈ മാസം സപ്ലൈകോ സ്റ്റോറുകളിൽ ക്ഷാമമാകും.

തുക ലഭിക്കാത്തതിനാൽ ഓർഡർ നൽകുന്നതിലും കുറഞ്ഞ അളവിലാണ് വിതരണക്കാർ സാധനങ്ങൾ എത്തിക്കുന്നത്. ഇതിനു മുൻപത്തെ പർച്ചേസ് ഓർഡറിന്റെ 40% മാത്രമാണ് സപ്ലൈകോയിൽ എത്തിയത്. രണ്ടു മാസത്തെ കുടിശിക നൽകാത്തതിനാൽ പഞ്ചസാരയും ആവശ്യത്തിന് എത്തിയിരുന്നില്ല. അതിനാൽ ഇത്തവണ ടെൻഡറിൽ പഞ്ചസാര പൂർണമായും ഒഴിവാക്കി. മേയ് മാസം മുതൽ 500 കോടിയിലധികം രൂപയാണ് വിതരണക്കാർക്കു നൽകാനുള്ളത്.

# വിമാനയാത്രാനിരക്ക് ഉയരും

**ന്യൂഡൽഹി:** ആഭ്യന്തര, വിദേശ സർവീസുകൾക്ക് ഇന്ധന നിരക്ക് ഈടാക്കാനുള്ള ഇൻഡിഗോ വിമാനക്കമ്പനിയുടെ തീരുമാനം ഇന്നലെ മുതൽ നിലവിൽ വന്നതോടെ രാജ്യത്ത് വിമാന യാത്രാ നിരക്ക് ഉയരാൻ വഴിയൊരുങ്ങി. ഇൻഡിഗോയുടെ ചുവടുപിടിച്ച് കൂടുതൽ വിമാന കമ്പനികളും വരുംദിവസങ്ങളിൽ ഇന്ധന നിരക്ക് ഈടാക്കിയേക്കും. ഇതിന്റെ സൂചന സ്പൈസ് ജെറ്റ്, ആകാശ എയർ എന്നിവ നൽകിക്കഴിഞ്ഞു. വിമാനത്തിലെ ഭൂരിഭാഗം സീറ്റുകൾക്കും പ്രത്യേക നിരക്ക് ഈടാക്കുന്നതിനു പുറമേയാണ് ഇന്ധന നിരക്ക്. യാത്രാദൂരത്തിന്റെ അടിസ്ഥാനത്തിലാണു നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. ദൂരം കൂടുന്തോറും നിരക്കുയരും. പരമാവധി 1000 രൂപ വരെയാണ് ഈടാക്കുക. ഗൾഫിൽ നിന്നു കേരളത്തിലേക്കുള്ള യാത്രാനിരക്കിൽ ചുരുങ്ങിയത് 800 രൂപയുടെ വർധനയുണ്ടാകും. .





ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക് കലൂർ ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച ദേശീയ രക്തദാന വാരാചരണ സമാപന സമ്മേളനവും രക്തദാതാക്കളെ ആദരിക്കലും ടി.ജെ വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. ജോർജ്ജ് തോമസ്, ദിനേഷ് തമ്പി, സൈന നസറുദ്ദീൻ, ഡോ.രമാ മേനോൻ, ദിനേഷ്നായർ, ഡോ. കെ.നാരായണൻകുട്ടി , ഡോ.എം.എം ഹനീഷ്,നിജൽ ജോർജ്ജ് കോനാട്ട്,ഡോ. എം. ഐ ജുനൈദ് റഹ്മാൻ, ഡോ.എം.നാരായണൻ സമീപം

### ദേശീയ രക്തദാന വാരാചരണം

# രക്തദാതാക്കളെ ആദരിച്ച് ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക്

**കൊച്ചി:** രക്തദാനം നടത്തിവരുന്ന ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള സന്നദ്ധ സേവന പ്രവർത്തകർക്കും വിവിധ സ്ഥാപനങ്ങൾക്കും ആദരമൊരുക്കി ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക്.

ദേശീയ രക്തദാന വാരാചരണ സമാപനത്തോടനുബന്ധിച്ച് കലൂർ ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച സമ്മേളനത്തിലാണ് ഭിന്നശേഷിക്കാർ,സന്നദ്ധസേവന പ്രവർത്തകൾ,വിദ്യാഭ്യാസ സ്ഥാപനങ്ങൾ,സംഘടനകൾ,സ്ഥാപനങ്ങൾ.ക്ലബ്ബുകൾ എന്നിവരെ ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്കിന്റെ നേതൃത്വത്തിൽ ആദരിച്ചത്. ഭിന്നശേഷിക്കാരായ രക്തദാതാക്കൾ വെറ്റില തൈക്കൂടം സ്വദേശി പി ആർ രാജേഷ് (42), മരട് സ്വദേശി കൃഷ്ണദാസ്( 33), തൃപ്പൂണിത്തുറ സ്വദേശി പി എം സുകുമാരൻ(55), കാസർകോട് സ്വദേശി പി കെ ദിലീപ് (24) എന്നിവരെ പ്രത്യേക പുരസ്കാരം നൽകി ആദരിച്ചു.

ടി ജെ വിനോദ് എം.എൽ.എ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക് ചെയർമാൻ ഡോ.കെ.നാരായണൻകുട്ടി അധ്യക്ഷത വഹിച്ചു.

ടി.സി.എസ് കേരള ഹെഡ് ദിനേഷ് തമ്പി മുഖ്യപ്രഭാഷണം നടത്തി. ബ്ലഡ് ബാങ്ക് സെക്രട്ടറി ഡോ. എം. ഐ ജുനൈദ് റഹ്മാൻ, ഐ.എം.എ കൊച്ചിൻ പ്രസിഡന്റ് ഡോ.എം.എം ഹനീഷ്, ബിപിസിഎൽ ജനറൽ മാനേജർ ജോർജ്ജ് തോമസ്, എച്ച്.ഡി.എഫ്.സി ബാങ്ക് കൊച്ചിൻ ഓപ്പറേഷൻസ് ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് ദിനേഷ്നായർ, ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക് ട്രഷറർ ഡോ. എം.നാരായണൻ, മെഡിക്കൽ ഓഫിസർ ഡോ.രമാ മേനോൻ,രക്തദാതാക്കളായ നിജൽ ജോർജ്ജ് കോനാട്ട്, സൈന നസറുദ്ദീൻ തുടങ്ങിയവർ സംസാരിച്ചു.

# കേരള ഇൻസോൾവൻസി പ്രൊഫഷണൽസ് ഫോറം ഏകദിന സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** കേരള ഇൻസോൾവൻസി പ്രൊഫഷണൽസ് ഫോറം (കെ ഐ പി എഫ്) ഏകദിന സെമിനാർ സംഘടിപ്പിച്ചു. ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. എൻ സി എൽ ടി ചണ്ഡീഗഢ് ബഞ്ച് ജുഡീഷ്യൽ അംഗം ഡോ. പി എസ് എൻ പ്രസാദ് വിശിഷ്ടാതിഥിയായിരുന്നു ഫെഡറൽ ബാങ്ക് ലോൺ കളക്ഷൻ ആൻഡ് റിക്കവറി വിഭാഗം മേധാവി എൻ. രാജനാരായണൻ പ്രത്യേക അതിഥിയായിരുന്നു.

അഭിഭാഷകർ, കോസ്റ്റ് അക്കൗണ്ടന്റുമാർ കമ്പനി സെക്രട്ടറിമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, എന്നിവർ ജോലിയോട് എപ്പോഴും നീതി പുലർത്താൻ ശ്രമിക്കണമെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. അതീവ ദുർഘടമായ ചുമതല നിർവഹിക്കുമ്പോഴും നിഷ്പക്ഷത പുലർത്താൻ കഴിയുക എന്നത് ചെറിയ കാര്യമല്ല. എല്ലാവരെയും സംതൃപ്തരാക്കാൻ വേണ്ടിയുള്ളതല്ല നിയമങ്ങളും നീതിന്യായ സംവിധാനങ്ങളും. നീതിയുടെയും ന്യായത്തിന്റെയും വീക്ഷണകോണിൽ നിന്ന് നിന്ന് നിന്ന് നിയമം നടപ്പാക്കുക എന്നതാണ് പ്രാധാന്യമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രൊഫഷണൽ രംഗത്ത് നിൽക്കുന്നവർ അങ്ങേയറ്റം നിഷ്പക്ഷതയും വിശ്വാസ്യതയും പുലർത്തണമെന്ന് എൻ.രാജനാരായണൻ അഭിപ്രായപ്പെട്ടു. ഐ ബി സി നിയമസംവിധാനങ്ങൾക്ക് മുൻപെന്നത്തേക്കാളും പ്രസക്തിയുണ്ടെന്നും അദ്ദേഹം പറഞ്ഞു. മേഖലയിലും സാമ്പത്തിക അച്ചടക്കം അനിവാര്യമാണെന്നും സാമ്പത്തിക നിയമങ്ങൾ ആകർഷണമായി പാലിക്കപ്പെട്ടില്ലെങ്കിൽ രാജ്യത്തിന്റെ നിലനിൽപിന് തന്നെ അത് ഭീഷണിയാകുമെന്ന് ഡോ.പി എസ് എൻ പ്രസാദ് ചൂണ്ടിക്കാട്ടി.

കെ ഐ പി എഫ് ചെയർമാൻ കെ.കെ ജോസ് അധ്യക്ഷത വഹിച്ചു.

പ്രൊഫഷണൽ ഡെവലപ്മെന്റ് കമ്മിറ്റി ചെയർമാൻ പി.ടി ജോയ്, സെക്രട്ടറി ഷോൺ ജെഫ് ക്രിസ്റ്റഫർ എന്നിവർ സംസാരിച്ചു.

സാങ്കേതിക സെഷനിൽ അഡ്വ.ജി.പി മദാൻ, അഡ്വ.അവിനാശ് കൃഷ്ണൻ രവി, അനിത ചന്ദ്രശേഖർ എന്നിവർ പ്രഭാഷണം നടത്തി.

# സ്വന്തം കഴിവുകളിൽ വിശ്വസിക്കുന്നവർക്ക് നേതൃസ്ഥാനങ്ങളിൽ വിപ്ലവം സൃഷ്ടിക്കാനാവും: രേവതി എച്ച്

**കൊച്ചി:** സ്വന്തം കഴിവുകളിൽ വിശ്വസിക്കുകയും മറ്റുള്ളവർക്ക് പിന്തുണ നൽകുകയും മുകളിലേക്കുള്ള ഏണിപ്പടവുകൾ ഒരുക്കിക്കൊടുക്കുകയും ചെയ്താൽ ഏതു വനിതയ്ക്കും നേതൃസ്ഥാനങ്ങളിൽ വിപ്ലവങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് ഐ എസ് ആർ ഒ ഇ ലിക്വിഡ് പ്രൊപൽഷൻ സിസ്റ്റംസ് സെന്റർ ഇലക്ട്രോണിക് സിസ്റ്റം ഗ്രൂപ്പ് ഡയറക്ടർ രേവതി ഹരിഹരകൃഷ്ണ പറഞ്ഞു.

കേരള മാനേജ്മെന്റ് അസോസിയേഷൻ വിമിൻസ് ഫോറത്തിന്റെ 2023ലെ പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അവർ. തലമുറകളുടെ സംരക്ഷണത്തിനായി പിറകിലേക്ക് മാറി നിൽക്കേണ്ടി വന്ന വനിതകളുടെ അവസ്ഥയ്ക്ക് മാറ്റം വന്നു തുടങ്ങിയതായും അവർ പറഞ്ഞു. ഐ എസ് ആർ ഒയുടെ വിവിധ ശാസ്ത്ര സാങ്കേതികകാര്യ വിഭാഗങ്ങളുടെ തലപ്പത്തും അഡ്മിനിസ്ട്രേഷനിലും ഫിനാൻസിലും ഉൾപ്പെടെ വനിതകൾ നേതൃത്വം വഹിക്കുന്നതായും അവർ പറഞ്ഞു. കുടുംബത്തിനും സമൂഹത്തിനും മികച്ച സംഭാവനകൾ നൽകുന്ന വനിതകൾക്ക് ഒരേ സമയം വ്യത്യസ്ത കാര്യങ്ങൾ നിർവഹിക്കാനാവുമെന്ന കഴിവ് പ്രയോജനപ്പെടുത്തണമെന്നും രേവതി ആവശ്യപ്പെട്ടു.

ക്രിയാത്മകമായ രീതിയിൽ ചിന്തിക്കാനും പ്രവർത്തിക്കാനും വനിതകൾക്കാണ് കൂടുതൽ സാധിക്കുകയെന്നും അവർ വിശദമാക്കി. ഇന്റർനാഷണൽ ട്രെയ്ൻഡ് ബയോമെഡിക്കൽ സയിന്റിസ്റ്റും മോഡലും സാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തകയുമായ ഡോ. അമ്പിളി രവീന്ദ്രൻ നായർ വിശിഷ്ടാതിഥിയായിരുന്നു. ലക്ഷ്യമിട്ട കാര്യങ്ങൾ നിർവഹിക്കാൻ ബുദ്ധിമുട്ടു നേരിടുകയോ നടക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ പുതിയ തലങ്ങൾ കണ്ടെത്താനാണ് വനിതകൾ ശ്രമിക്കേണ്ടതെന്ന് ഡോ. അമ്പിളി പറഞ്ഞു. ജീവിതത്തിന്റെ പല ഘട്ടങ്ങളിലും ഉയർച്ചകളും താഴ്ചകളും ഉണ്ടാകുമെന്നും അപ്പോഴൊക്കെയും തങ്ങളുടെ യാത്രകൾ തുടരുകയാണ് വേണ്ടതെന്നും അവർ പറഞ്ഞു. തൊഴിൽ മേഖലയിൽ നിന്നും കുടുംബ ജീവിതത്തിലേക്ക് മാറിയതിന് ശേഷം വീണ്ടും ജോലിയിലേക്കോ ബിസിനസിലേക്കോ കലാ പ്രവർത്തനങ്ങളിലേക്കോ കടന്നുവരാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി വികസിപ്പിച്ച വൂവർ ആപ്പിനെ നിഷ ഹെൽസ രാജൻ പരിചയപ്പെടുത്തി. കെ എം എ പ്രസിഡന്റ് എ ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കെ എം എ വിമിൻസ് ഫോറം ചെയർപേഴ്സൺ ഡോ. നിർമല ലില്ലി സ്വാഗതവും കെ എം എ ഹോണററി സെക്രട്ടറി ദിലീപ് നാരായണൻ നന്ദിയും പറഞ്ഞു.

# 500 വിദ്യാർത്ഥികൾക്കു കൂടി സ്കോളർഷിപ്പുകൾ നൽകി പ്രൊഫ. കെ വി തോമസ് വിദ്യാധനം ട്രസ്റ്റ്

**കൊച്ചി:** എറണാകുളം ജില്ലയിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ 9 വർഷമായി പഠനസഹായങ്ങൾ നൽകിവരുന്ന പ്രൊഫ കെ വി തോമസ് വിദ്യാധനം ട്രസ്റ്റ് ദുബായിലെ പാന്തിയൺ റിയൽ എസ്റ്റേറ്റ് സ്ഥാപകൻ കൽപ്പേഷ് കിനരിവാലയുമായി സഹകരിച്ച് 500 വിദ്യാർത്ഥികൾക്കു കൂടി സ്കോളർഷിപ്പുകൾ നൽകി. ട്രസ്റ്റ് നൽകി വരുന്ന സ്കോളർഷിപ്പുകളുടെ ഈ മൂന്നാംഘട്ട വിതരണച്ചടങ്ങ് കൊച്ചി അയിരൂരിലെ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ വ്യവയായമന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു.

കോട്ടപ്പുറം അതിരൂപത വികാർ ജനറൽ ഡോ ആന്റണി കുരിശിങ്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രൊഫ കെ വി തോമസ്, ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻപിള്ള, ഫാക്ട് സിഎംഡി കിഷോർ റുംഗ്ത, ടിസിസി എംഡി ഹരികുമാർ, ശബരി ഗ്രൂപ്പ് ചെയർമാൻ ശശികുമാർ, കുന്നുകര പഞ്ചായത്ത് പ്രസിഡന്റ് സൈന ബാബു, അയിരൂർ സെന്റ് തോമസ് എച്ച്എസ്എസ് മാനേജർ ഫാ. പോൾ ആത്തപ്പള്ളി, പ്രൊഫ കെ വി തോമസ് വിദ്യാധനം ട്രസ്റ്റ് ട്രസ്റ്റിയും മുൻഎംഎൽഎയുമായ എം എ ചന്ദ്രശേഖരൻ തുടങ്ങിയവർ പ്രസംഗിച്ചു. ദുബായിൽ നിന്ന് കൽപ്പേഷ് കിനരിവാലയും ചടങ്ങിനെത്തിയിരുന്നു.2023 സെപ്തംബർ 9നാണ് പുതിയ സ്കീമിന് തുടക്കമിട്ടതെന്ന് പ്രൊഫ. കെ വി തോമസ് പറഞ്ഞു.

മൂന്നുഘട്ടങ്ങളിലായാണ് 3000 വിദ്യാർത്ഥികൾക്ക് ഈ സ്കീമിൽ സ്കോളർഷിപ്പുകൾ നൽകിയത്. എറണാകുളം ലോക്സഭാ മണ്ഡലത്തിൽപ്പെട്ട സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിന്ന് എല്ലാ വിഷയങ്ങളിലും എ+ നേടുന്ന 10, 12 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയത്.വിദ്യാർത്ഥികളാണ് നാളെയുടെ ശിൽപ്പികൾ എന്നതു കണക്കിലെടുത്താണ് പാന്തിയണിന്റെ ഈ സിഎസ്ആർ പദ്ധതിയെന്ന് കൽപ്പേഷ് കിനരിവാല പറഞ്ഞു.12 വാല്യമുള്ള പ്രൊഫ എം കെ സാനുവിന്റെ സമ്പൂർണകൃതികൾ, ഉമ്മൻചാണ്ടിയുടെ ആത്മകഥ കാലം സാക്ഷി എന്നിവ ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻപിള്ള സെന്റ് തോമസ് സ്കൂൾ പ്രതിനിധികൾക്ക് കൈമാറി.



വേൾഡ് ജ്വല്ലറി കോൺഫെഡറേഷൻ പുരസ്കാരം ജോയ് ആലുക്കാസിന് വേണ്ടി ജോയ്ആലുക്കാസ് ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ ജോൺ പോൾ ആലുക്കാസ് ഏറ്റുവാങ്ങുന്നു. വേൾഡ് ജ്വല്ലറി കോൺഫെഡറേഷൻ പ്രസിഡന്റ് ഡോ. ഗയ്ട്ടാനോ കവലിയേരി, വൈസ് പ്രസിഡന്റ് പ്രമോദ് അഗർവാൾ, ജിജെഇപിസി ചെയർമാൻ വിപുൽ ഷാ തുടങ്ങിയവർ സമീപം.

## ജോയ് ആലുക്കാസിന് വേൾഡ് ജ്വല്ലറി കോൺഫെഡറേഷന്റെ ആദരം

**ജയ്പൂർ :** ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ജോയ് ആലുക്കാസിന് വേൾഡ് ജ്വല്ലറി കോൺഫെഡറേഷന്റെ പുരസ്കാരം. ജയ്പൂരിൽ നടന്ന വേൾഡ് ജ്വല്ലറി കോൺഫെഡറേഷന്റെ സിഐബിജെഒ കോൺഗ്രസ് 2023 ൽ ജോയ് ആലുക്കാസിനു വേണ്ടി മകനും ജോയ്ആലുക്കാസ് മാനേജിങ് ഡയറക്ടറുമായ ജോൺ പോൾ ആലുക്കാസ് പുരസ്കാരം ഏറ്റുവാങ്ങി. ഇന്ത്യൻ വിപണിയിലും ആഗോള രംഗത്തും സ്വർണവ്യവസായ മേഖലയ്ക്കു നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം.

വേൾഡ് ജ്വല്ലറി കോൺഫെഡറേഷന്റെ ഈ പുരസ്കാരം ലഭിച്ചതിൽ അങ്ങേയറ്റം സന്തോഷമുണ്ട്. ജോയ്ആലുക്കാസ് ടീമിന്റെ മുഴുവൻ കഠിനാധ്വാനത്തിനും അർപ്പണബോധത്തിനും ഉപഭോക്താക്കളോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയ്ക്കും ലഭിച്ച വലിയ അംഗീകാരമാണിത് ജോയ് ആലുക്കാസ് പറഞ്ഞു. സ്വർണാഭരണങ്ങളുടെ സാംസ്കാരിക പ്രാധാന്യം പ്രോത്സാഹിപ്പിക്കുന്നതിലും പരമ്പരാഗത കരകൗശല വിദ്യകൾ സംരക്ഷിക്കുന്നതിലുമുള്ള ജോയ് ആലുക്കാസിന്റെ സമർപ്പണം സ്വർണ വ്യവസായത്തെ പുതിയ ഉയരങ്ങളിലെത്തിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചതായി കോൺഫെഡറേഷൻ വിലയിരുത്തി.

## നിസാൻ മാഗ്നെറ്റ് കുറോ പതിപ്പ്, വില 8.27 ലക്ഷം രൂപ മുതൽ




മാഗ്നൈറ്റ് കുറോ 8.27 ലക്ഷം രൂപക്ക് പുറത്തിറക്കി നിസാൻ. കുറോ പെട്രോൾ എംടി, കുറോ ടർബോ പെട്രോൾ എംടി, കുറോ ടർബോ പെട്രോൾ സിവിടി എന്നീ വകഭേദങ്ങളിലാണ് വാഹനം എത്തുന്നത്. ജാപ്പനീസ് ഭാഷയിൽ കറുപ്പ് എന്നാണ് കുറോ എന്ന് വാക്കിന്റെ അർഥം. അടിമുടി കറുപ്പഴകിലാണ് നിസാൻ അവരുടെ മാഗ്നൈറ്റ് കുറോ പുറത്തിറക്കിയിരിക്കുന്നത്. ഗ്രില്ലെ, സ്കിഡ് പ്ലേറ്റ്, റൂഫ് റെയിൽസ്, ഡോർ ഹാൻഡിൽസ്, അലോയ് വീൽ, വിൻഡോ ആസെന്റ്സ് എന്നിങ്ങനെ ഒരുവിധപ്പെട്ട ഭാഗങ്ങളിലെല്ലാം കറുപ്പു നിറമാണ്. നിസാൻ, മാഗ്നൈറ്റ്, കുറോ ബാഡ്ജുകൾ മാത്രമാണ് പ്രധാനമായും കറുപ്പല്ലാത്ത നിറത്തിലുള്ളത്. ചുവന്ന ബ്രേക്ക് കാലിപ്പേഴ്സും ശ്രദ്ധിക്കപ്പെടും.

വാഹനത്തിന്റെ ഉള്ളിലേക്കു വന്നാൽ റൂഫ് ലൈനർ, സൺ വൈസറുകൾ, ഉള്ളിലെ ഡോർ ഹാൻഡിൽ, സ്റ്റിയറിങ് വീൽ, എ.സി വെന്റ് എന്നിവയെല്ലാം കറുപ്പിലാണ്. 8 ഇഞ്ച് ടച്ച്സ്ക്രീൻ, 360 ഡിഗ്രി ക്യാമറ, 7 ഇഞ്ച് ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, ഓട്ടോമെറ്റിക് ക്ലൈമറ്റ് കൺട്രോൾ, വയർലെസ് ചാർജർ, റിയർ എസി വെന്റ് എന്നീ സൗകര്യങ്ങളും വാഹനത്തിലുണ്ട്.

രണ്ട് എൻജിൻ ഓപ്ഷനുകളാണ് മാഗ്നൈറ്റ് കുറോക്കുള്ളത്. 72എച്ച്പി, 96എൻഎം, 1.0 ലീറ്റർ പെട്രോൾ അല്ലെങ്കിൽ 100എച്ച്പി, 160എൻഎം, 1.0 ലീറ്റർ ടർബോ പെട്രോൾ എൻജിൻ. രണ്ട് എൻജിനുകളിലും 5 സ്പീഡ് മാനുവൽ ഗിയർബോക്സാണ് സ്റ്റാൻഡേഡായി വരുന്നത്. ടർബോ പെട്രോളിൽ സിവിടിയും ലഭ്യമാണ്. അടിസ്ഥാന വകഭേദമായ കുറോ പെട്രോൾ എംടിക്ക് 8.27 ലക്ഷം രൂപയാണ് വില. കുറോ ടർബോ പെട്രോൾ എംടിക്ക് 9.65 ലക്ഷം രൂപയും കുറോ ടർബോ പെട്രോൾ സിവിടിക്ക് 10.46 ലക്ഷം രൂപയുമാണ് വില.

# വിഴിഞ്ഞം: കപ്പൽ നേരത്തേ ബർത്തിലെത്തിക്കും

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് സർക്കാർ ഔദ്യോഗികമായി ആദ്യ കപ്പലിനെ സ്വീകരിക്കുന്നതു 15ന് ആണെങ്കിലും അതിന് ഒരു ദിവസമെങ്കിലും മുൻപേ കപ്പൽ ബെർത്തിലെത്തിക്കും. തിരമാലകളുടെ സ്വഭാവം, കാറ്റിന്റെ വേഗം, ദിശ, കാലാവസ്ഥ എന്നിവയെല്ലാം ബെർത്തിൽ കയറുന്നതിനു നിർണായകമായതിനാലാണു നേരത്തേ തന്നെ എത്തിക്കുന്നത്.

വിഴിഞ്ഞത്ത് അടുക്കുന്ന ആദ്യ കപ്പലായതിനാൽ ബെർത്തിൽ കയറ്റാൻ കൂടുതൽ സമയമെടുക്കും. 11നു രാത്രിയോ 12നു രാവിലെയോ കപ്പൽ 40 നോട്ടിക്കൽ മൈൽ അകലെയെത്തുമെന്നാണു കണക്കുകൂട്ടൽ. കാലാവസ്ഥ അനുകൂലമാകുന്നതു വരെ അവിടെ നങ്കൂരമിടും. ബെർത്തിലേക്ക് ഇതിനുശേഷം അഞ്ചു മണിക്കൂർ മതിയാകും.

വിഴിഞ്ഞത്തേക്കു ചൈനയിൽ നിന്നു ക്രെയിനുകളുമായെത്തുന്ന 8 കപ്പലുകളിൽ ആദ്യത്തേതാണു ഷെൻഹുവ 15. നവംബർ, ഡിസംബർ മാസങ്ങളിലായി അഞ്ചു കപ്പൽ കൂടിയെത്തും. അവസാനത്തെ രണ്ടെണ്ണം എത്തുന്നത് ഏപ്രിലിലായിരിക്കും. ആകെ 32 ക്രെയിനുകൾ എത്തിക്കുന്നുണ്ട്. കപ്പലിൽനിന്നു നേരിട്ടു കണ്ടെയ്നർ ഇറക്കാനും കയറ്റാനും കഴിയുന്ന, ഉയരം കൂടിയ ക്വേയ് ക്രെയിനുകളാണ് ഇതിൽ എട്ടെണ്ണം.

ബാക്കിയുള്ളവ യാഡിൽനിന്നു ട്രെയിലറിലേക്കു കണ്ടെയ്നർ കയറ്റാനും ഇറക്കാനും ഉപയോഗിക്കുന്ന ആർഎംജി യാഡ് ക്രെയിനുകളാണ്. ഷെൻഹുവ 15ന് ഒപ്പം കപ്പലിലെ 30 അംഗ ചൈനീസ് ക്രൂവും വിഴിഞ്ഞത്ത് ഇറങ്ങും. കപ്പലിനൊപ്പം ഇവർ മടങ്ങും. ക്രെയിനുകൾ സ്ഥാപിക്കാനായി മുംബൈയിൽനിന്നുള്ള സംഘമാണെത്തുന്നത്.

# കോർപറേഷന്റെ സമൃദ്ധി ജനകീയ ഹോട്ടലിന് 2 വയസ്സ്

**കൊച്ചി:** നഗരത്തിന്റെ വിശപ്പു മാറ്റിയ കോർപറേഷന്റെ സമൃദ്ധി @ കൊച്ചി ജനകീയ ഹോട്ടലിന് 2 വയസ്സ്. ഇതുവരെ നൽകിയത് 17.04 ലക്ഷം ഊണ്. നോർത്ത് പരമാര റോഡിലെ കോർപറേഷന്റെ ഷീ ലോഡ്ജിനോടു ചേർന്ന് 2021 ഒക്ടോബർ ഏഴിന് 14 കുടുംബശ്രീ ജീവനക്കാരുമായി പ്രവർത്തനം തുടങ്ങിയ സമൃദ്ധിയിൽ ഇപ്പോൾ ജീവനക്കാർ 72 പേർ.




സംസ്ഥാനത്ത് ആയിരത്തിലേറെ ജനകീയ ഹോട്ടലുകൾ ഉണ്ടായിരുന്നതിൽ 10 രൂപയ്ക്ക് ഊണ് നൽകിയ ഏക ഹോട്ടലായിരുന്നു സമൃദ്ധി. മറ്റു ജനകീയ ഹോട്ടലുകളിൽ 20 രൂപയായിരുന്നു ഊണിന്റെ വില. സർക്കാർ സബ്സിഡി നിർത്തലാക്കിയതോടെ ഓഗസ്റ്റ് മുതൽ മറ്റു ജനകീയ ഹോട്ടലുകളിൽ ഊണിന്റെ വില 30 രൂപയായി; സമൃദ്ധിയിൽ 20 രൂപയും.

പ്രതിദിനം 3 നേരമായി അയ്യായിരത്തിലേറെ പേർക്കാണു സമൃദ്ധി ഭക്ഷണം നൽകുന്നത്. കിച്ചൻ ഓർഡർ ടിക്കറ്റിങ് (കെഒടി) സംവിധാനത്തോടെയുള്ള ബില്ലിങ് സംവിധാനം, ബയോമെട്രിക് ഫെയ്സ് അറ്റൻഡൻസ് സംവിധാനം തുടങ്ങിയ ആധുനിക സംവിധാനങ്ങൾ സമൃദ്ധിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർക്കു വിവിധ ഗ്രേഡുകളിലായി 18,000 രൂപ മുതൽ 30,000 രൂപ വരെ വേതനം ലഭിക്കുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലെ ഏറ്റവും വലിയ അടുക്കളയും സമൃദ്ധിയുടേതാണ്.

കൊച്ചി കോർപറേഷന്റെ നേരിട്ടുള്ള സാമ്പത്തിക സഹായമില്ലാതെയാണു സമൃദ്ധി @ കൊച്ചി ജനകീയ ഹോട്ടലിന്റെ പ്രവർത്തനം. സംഘടനകളും വ്യക്തികളും നൽകുന്ന സംഭാവനകളും സ്ഥാപനങ്ങളുടെ സിഎസ്ആർ സഹായവും സമൃദ്ധിക്കു ലഭിക്കുന്നുണ്ട്. ഉച്ചയൂണിനുള്ള സബ്സിഡി ഇനത്തിൽ സർക്കാരിൽ നിന്ന് ലഭിക്കാനുള്ള കുടിശിക ഏകദേശം 54 ലക്ഷം രൂപയാണ്.

പ്രതിദിനം 3200 ഉച്ചയൂണുകളാണു സമൃദ്ധിയിൽ ചെലവാകുന്നത്. ഊണിന്റെ വില 10 രൂപ വർധിപ്പിച്ച് 20 രൂപയാക്കിയതോടെ വിൽപനയിൽ 20% കുറവുണ്ടായി. മീൻ ഉൾപ്പെടെ സ്പെഷൽ വിഭവങ്ങൾക്കു സബ്സിഡി ഇല്ലെങ്കിലും താരതമ്യേന കുറഞ്ഞ വിലയിലാണു ലഭ്യമാക്കുന്നത്. എങ്കിലും ഉച്ചയൂണ് കഴിക്കാനാണു കൂടുതൽ ആളുകളെത്തുന്നത്.

# ഐഎസ്ആർഒ ദിവസവും നേരിടുന്നത് നൂറിലേറെ സൈബർ ആക്രമണങ്ങൾ: എസ്. സോമനാഥ്

**കൊച്ചി:** ഐഎസ്ആർഒ ദിവസേന നൂറിലധികം സൈബർ ആക്രമണങ്ങൾ നേരിടുന്നുണ്ടെന്നു ചെയർമാൻ എസ്.സോമനാഥ് പറഞ്ഞു. അതിനൂതന സോഫ്റ്റ്‌വെയറുകളും ചിപ് അധിഷ്ഠിത ഹാർഡ്‌വെയറുകളും ഉപയോഗിക്കുന്ന റോക്കറ്റ് സാങ്കേതിക വിദ്യയിൽ സൈബർ ആക്രമണങ്ങൾക്കുള്ള സാധ്യതയേറെയാണ്. ഇതിനെ മറികടക്കാൻ ശക്തമായ സൈബർ സുരക്ഷാ ശൃംഖലയാണു സ്ഥാപനം സജ്ജമാക്കിയിട്ടുള്ളതെന്നും സോമനാഥ് പറഞ്ഞു.പൊലീസിന്റെ രാജ്യാന്തര സൈബർ സുരക്ഷാ സമ്മേളനമായ കൊക്കൂണിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. നൂതന സാങ്കേതികവിദ്യകൾ പലപ്പോഴും ഒരേസമയം അനുഗ്രഹവും ഭീഷണിയുമാണ്. നിർമിതബുദ്ധി പോലെയുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സൈബർ കുറ്റവാളികൾ ഉയർത്തുന്ന ഭീഷണികളെ അതേ സാങ്കേതികവിദ്യ ഉപയോഗിച്ചു തന്നെ നേരിടാനും കഴിയുംഇതിനുള്ള പഠനവും പരിശ്രമവും ഉണ്ടാകണം. തന്റെ വ്യാജ ഇമെയിൽ അക്കൗണ്ടുണ്ടാക്കി സുഹൃത്തുക്കളോടു പണം ആവശ്യപ്പെട്ട സംഭവമുണ്ടായി.

സൈബർ ഭീഷണികൾ രാജ്യത്തിനെതിരെയുള്ള ഭീഷണിയാണെന്നും സോമനാഥ് പറഞ്ഞു.

# അടുത്ത വർഷം ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ യാഥാർത്ഥ്യമാകും: പി. രാജീവ്

## 2500 തൊഴിലവസരങ്ങളുമായി അപ്രന്റിസ് മേള 2023

**കൊച്ചി:** അടുത്തവർഷം മുതൽ ക്യാമ്പസുകളോട് ചേർന്ന് വ്യവസായ പാർക്കുകൾ പ്രവർത്തനമാരംഭിക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരി സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ചെന്നൈ ബോർഡ് ഓഫ് അപ്രന്റിസ്ഷിപ്പ് ട്രെയിനിങ്ങിന്റെ സഹകരണത്തോടെ ഗവ. പോളിടെക്നിക് കോളേജിൽ നടന്ന അപ്രന്റീസ് മേള 2023 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ക്യാമ്പസുകളോട് ചേർന്ന് വ്യവസായ പാർക്കുകൾ നിലവിൽ വരുന്നതോടെ വിദ്യാർത്ഥികൾക്ക് പഠനത്തിനോടൊപ്പം വരുമാനം കണ്ടെത്താനും നൈപുണ്യ വികസനവും സാധ്യമാകും. 38 കോളേജുകൾ ഇതിനായി താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ കണ്ടുപിടിത്തങ്ങൾക്കുള്ള ഉൽപാദന യൂണിറ്റായും പ്രോജക്ടുകൾ ചെയ്യുന്നതിനുള്ള കേന്ദ്രമായും ക്യാമ്പസ് വ്യവസായ പാർക്കുകൾ പ്രവർത്തിക്കും. ഇൻഡസ്ട്രിയൽ പാർക്കുകൾ നിർമ്മിക്കുന്നതിന് ഒന്നരക്കോടി രൂപ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ നൽകും. ഈ വർഷം തന്നെ പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കുകളും പ്രവർത്തനം ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു.

കളമശ്ശേരി മണ്ഡലത്തിൽ ഐടിഐ യോഗ്യതയുള്ളവർക്ക് തൊഴിലവസരങ്ങൾ ഒരുക്കുന്നതിന് സ്കൈ പദ്ധതി വഴി നടത്തിയ തൊഴിൽമേളകൾ വഴി മുന്നൂറോളം പേർക്ക് തൊഴിൽ നൽകി. മണ്ഡലത്തിലെ ബികോം ബിരുദധാരികളായ വീട്ടമ്മമാർക്ക് അമേരിക്കൻ ടാക്സ് കമ്പനിയിൽ തൊഴിലവസരങ്ങൾ ഒരുക്കി.

നിരവധി തൊഴിലവസരങ്ങളിലേക്ക് വഴി തുറന്നു കൊണ്ടാണ് അപ്രന്റീസ് മേള നടക്കുന്നത്. 2500 ൽ അധികം തൊഴിലവസരങ്ങളാണ് വിവിധ കമ്പനികളിലായി ഒരുങ്ങിയിരിക്കുന്നത്. വ്യവസായ മേഖലയിൽ വലിയ മുന്നേറ്റമാണ് സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നത്. വ്യവസായ ശാലകൾ വർധിക്കുന്നത് വഴി ഇവിടെ തന്നെ തൊഴിൽ കണ്ടെത്തുന്നതിനുള്ള സാഹചര്യം ഒരുങ്ങുമെന്നും മന്ത്രി പറഞ്ഞു.

മേളയിൽ കേരളത്തിനകത്തു നിന്നും പുറത്തുനിന്നുമായി എഴുപതോളം കമ്പനികൾ പങ്കെടുത്തു. 2500 തൊഴിലവസരങ്ങളാണ് ഉള്ളത്.

കളമശേരി ഗവ. പോളിടെക്നിക് കോളേജിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ കളമശ്ശേരി നഗരസഭ കൗൺസിലർ നിഷിത സലാം അധ്യക്ഷത വഹിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ.എം.എസ് രാജശ്രീ, ഡെപ്യൂട്ടി ഡയറക്ടർ ഡോ.എസ്.ഇന്ദുലാൽ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിങ് ആന്റ് റിസർച്ച് ജോയിന്റ് ഡയറക്ടർ ആർ.ഗീതാ ദേവി, കളമശ്ശേരി പോളിടെക്നിക് പ്രിൻസിപ്പൽ ആനി ജെസെനത്ത് തുടങ്ങിയവർ പങ്കെടുത്തു.

# കുസാറ്റിൽ മറൈൻ ഹൈഡ്രോ ഡൈനമിക്സ് ലാബ് തുറന്നു

**കളമശേരി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഷിപ് ടെക്നോളജി വകുപ്പിൽ നിർമിച്ച മറൈൻ ഹൈഡ്രോ ഡൈനമിക്സ് ലാബ് മുൻ വൈസ് ചാൻസലർ ഡോ.കെ.എൻ. മധുസൂദനൻ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ അക്കാദമിക സ്ഥാപനങ്ങളിലെ ആദ്യത്തെ മറൈൻ ഹൈഡ്രോ ഡൈനമിക്സ് ലാബാണിത്. ഷിപ് ടെക്നോളജി അസിസ്റ്റന്റ് പ്രഫസർ മുഹമ്മദ് ആഷിഖിന്റെ നേതൃത്വത്തിൽ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത വേവ് ഫ്ള്യൂം ആണ് മറൈൻ ഹൈഡ്രോ ഡൈനമിക്സ് ലാബിന്റെ പ്രധാന സവിശേഷത. 15ലക്ഷം രൂപ ചെലവിട്ടാണു ലാബും ഉപകരണങ്ങളും വികസിപ്പിച്ചെടുത്തത്.

വേവ് ഫ്ള്യൂമിന്റെ സ്വിച്ച് ഓൺ ഡോ. കെ.എൻ. മധുസൂദനൻ നിർവഹിച്ചു.



കുസാറ്റ് ഷിപ് ടെക്നോളജി വകുപ്പിന് കീഴിൽ പൂർത്തിയാക്കിയ മറൈൻ ഹൈഡ്രോ ഡൈനമിക്സ് ലാബ് മുൻ വൈസ്ചാൻസലർ ഡോ.കെ.എൻ. മധുസൂദനൻ ഉദ്ഘാടനം ചെയ്യുന്നു

ഷിപ് ടെക്നോളജി വകുപ്പ് മേധാവി ഡോ.പി.കെ. സതീഷ് ബാബു അധ്യക്ഷത വഹിച്ചു. മുഹമ്മദ് ആഷിഖ് നിർമിച്ച വേവ് ഫ്ള്യൂം ഉപയോഗിച്ച് തീര സംരക്ഷണം, കടൽത്തീര നിർമിതികൾ, വേലിയേറ്റ ഊർജം, തരംഗോർജം, സമുദ്ര വിക്ഷോഭങ്ങൾ, ജലകമ്പനം തുടങ്ങിയവ കൃത്രിമ ഓളങ്ങൾ സൃഷ്ടിച്ചു പഠിക്കാനാകും. ടോവിങ് ടാങ്കുകൾ പോലുള്ള ഉയർന്ന മൂല്യമുള്ള ഉപകരണങ്ങൾ പരീക്ഷണ സംവിധാനങ്ങൾക്കായി മറൈൻ ഹൈഡ്രോ ഡൈനമിക്സ് ലാബിന്റെ അടുത്ത ഘട്ടത്തിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾ സർവകലാശാല നടത്തുന്നുണ്ട്.

ഡോ.കെ. ശിവപ്രസാദ്, ഡോ.എ.മതിയഴകൻ, ഡോ. രാജേഷ് പി.നായർ, പി.എ.അക്രം, കെ.ആർ.അരവിന്ദ്, എസ്.ഹരികുമാർ, എസ്.ഷിജു, ഇ.എസ്.ഷാജി എന്നിവർ പ്രസംഗിച്ചു.

# വരൾച്ചയെ നേരിടാൻ മുന്നൊരുക്കങ്ങളുമായി ഹരിതകേരളം മിഷനും എം എൻ ആർ ഇ ജി എസും

**തിരുവനന്തപുരം:** ജലസംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടെ വരൾച്ചയെ നേരിടാൻ സമഗ്രവും ശാസ്ത്രീയവുമായ മുന്നൊരുക്കങ്ങളുമായി ഹരിതകേരളം മിഷനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും പ്രവർത്തനമാരംഭിച്ചു. ഇത് സംബന്ധിച്ചു കോവളം വെള്ളാർ ക്രാഫ്റ്റ് വില്ലേജിൽ സംഘടിപ്പിച്ച രണ്ടു ദിവസത്തെ സാങ്കേതിക ശിൽപ്പശാല സമാപിച്ചു. അതതു പ്രദേശങ്ങളിലെ സവിശേഷതകൾക്ക് അനുസരിച്ചുള്ള പ്രായോഗിക പദ്ധതികളാണ് ശിൽപ്പശാലയിൽ അവതരിപ്പിച്ചത്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങളാകും എല്ലാ ജില്ലകളിലും നടപ്പാക്കുക.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജനപങ്കാളിത്തം ഉറപ്പാക്കിയാവും പ്രവർത്തനങ്ങൾ നടത്തുന്നത്. കൃഷി, മണ്ണ് ജലസംരക്ഷണം, ജലസേചനം, ഭൂജലം, എം ജി എൻ ആർ ജി എസ്, ഹരിതകേരളം മിഷൻ, ജല അതോറിറ്റി തുടങ്ങി വിവിധ വകുപ്പുകളും ഏജൻസികളും ഏകോപിപ്പിച്ചുള്ള ജല സംരക്ഷണ വരൾച്ച പ്രതിരോധ പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നീർത്തടാധിഷ്ഠിത വികസനത്തിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 15 ബ്ലോക്കുകളിലെ 94 ഗ്രാമ പഞ്ചായത്തുകളിൽ ജലബജറ്റും തയ്യാറാക്കിയിട്ടുണ്ട്. ഇതിനു പുറമെ പ്രാദേശിക അടിസ്ഥാനത്തിലുള്ള ജലവിഭവ ജലവിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള ഫലപ്രദമായ നിർവഹണവും പഞ്ചായത്തുതല സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ നടപ്പാക്കും.

ഒരു പ്രദേശത്ത് ലഭിക്കുന്ന ജലം പാഴാക്കാതെ പൂർണമായും പ്രയോജനപ്പെടുത്താനുള്ള കാമ്പയിൻ പ്രവർത്തനങ്ങളും ശിൽപ്പശാലയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. ശിൽപ്പശാലയിൽ ധാരണയിലെത്തിയ വരൾച്ചാ പ്രതിരോധ ജല സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനുള്ള ഏകോപന സംവിധാനമായി ഹരിതകേരളം മിഷൻ പ്രവർത്തിക്കുമെന്ന് ശിൽപ്പശാല ക്രോഡീകരിച്ചുകൊണ്ട് നവകേരളം കർമപദ്ധതി കോർഡിനേറ്റർ ഡോ. ടി എൻ സീമ പറഞ്ഞു. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നേതൃത്വത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് സമാപന പ്രസംഗത്തിൽ മിഷൻ ഡയറക്ടർ വ്യക്തമാക്കി.

# കോൾ സെൻററുമായി നാളികേര വികസന ബോർഡ്

**കൊച്ചി:** തെങ്ങുകയറ്റം, തെങ്ങു സംരക്ഷണം, വിളവെടുപ്പ് ഉൾപ്പെടെ തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി നാളികേര വികസന ബോർഡ്, തെങ്ങിൻറെ ചങ്ങാതിമാർക്കായി കോൾ സെൻറർ ഉടൻ ആരംഭിക്കും.

കേരളത്തിലെവിടെയുമുള്ള കേര കർഷകർക്ക് വിളിപ്പുറത്ത് തെങ്ങിൻറെ ചങ്ങാതിമാരെ ലഭ്യമാക്കുകയെന്നതാണ് കോൾ സെൻറർ സ്ഥാപിക്കുന്നതിലൂടെ ബോർഡ് ലക്ഷ്യമാക്കുന്നത്. ബോർഡിൻറെ ആസ്ഥാനമായ കൊച്ചിയിലാണ് കേരളത്തിലെ കോൾ സെൻററിൻറെ പ്രവർത്തനം.

കേരോത്പാദക സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും കർണാടകയിലും സമാന്തരമായി കോൾ സെൻറർ ആരംഭിക്കും. ഇതുവരെ 1552 പേരാണ് കോൾസെൻററിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

അതത് ജില്ലകളിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിലാണ് ചങ്ങാതിമാരുടെ സേവനം ലഭ്യമാക്കുക.

ന്യായമായ വേതനത്തിന് വിളവെടുപ്പ്, തെങ്ങിൻറെ മണ്ട വൃത്തിയാക്കൽ, മരുന്നു തളിക്കൽ, രോഗകീട നിയന്ത്രണം, നഴ്സറി പരിപാലനം, കൃത്രിമ പരാഗണം, വിത്തുതേങ്ങ സംഭരണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്കു പ്രയോജനപ്പെടുത്താം.

കൂടുതൽ വിവരങ്ങൾക്ക് 0484 2377266 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടണം.

സേവനം ചെയ്യാൻ തയാറായിട്ടുള്ള മറ്റു ചങ്ങാതിമാർക്കും കോൾ സെൻററിൽ രജിസ്റ്റർ ചെയ്യാം. ഇതിനായി 8848061240 എന്ന നമ്പറിൽ ബന്ധപ്പെടുകയോ, പേര്, മേൽവിലാസം, ബ്ലോക്ക് പഞ്ചായത്ത്, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ വാട്ട്സ് ആപ്പ് സന്ദേശമായി അയയ്ക്കുകയോ ചെയ്യണം.

# വിഴിഞ്ഞത്തേക്ക് ഗ്രീൻ ഫീൽഡ് റെയിൽവേ കോറിഡോറിനായി ആവശ്യം

**തിരുവനന്തപുരം:** തിരുവനന്തപുരത്തെയും വിഴിഞ്ഞം തുറമുഖത്തെയും ബന്ധിപ്പിച്ച് സംസ്ഥാനത്തിൻറെ രണ്ടാമത്തെ റെയിൽവേ കോറിഡോറായി നിർമാണമാരംഭിച്ച അങ്കമാലി ശബരി റെയിൽപാതയെ ബാലരാമപുരത്തേക്കു ദീർഘിപ്പിക്കണമെന്ന് ആവശ്യം.




വിഴിഞ്ഞം തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ റെയിൽപാത കൂടി നിലവിൽ വന്നാൽ സംസ്ഥാനത്തിൻറെ വികസനത്തിനു കുതിപ്പേകാൻ ഇതു സഹായിക്കുമെന്ന് ശബരി റെയിൽവേ ആക്ഷൻ കൗൺസിലുകളുടെ സംസ്ഥാന ഫെഡറേഷൻ ചൂണ്ടിക്കാട്ടുന്നു.

ശബരി റെയിൽ പാത എരുമേലിയിൽനിന്ന് തിരുവനന്തപുരത്തേക്കു നീട്ടുന്നതിന് റെയിൽവേ സർവേ നടത്തിയിട്ടുണ്ട്. അങ്കമാലി ശബരി റെയിൽവേയുടെ രണ്ടാം ഘട്ടമായി എരുമേലിയിൽനിന്ന് റാന്നി, പത്തനംതിട്ട, കോന്നി, പത്തനാപുരം, പുനലൂർ, അഞ്ചൽ, കിളിമാനൂർ, വെഞ്ഞാറമൂട്, നെടുമങ്ങാട്, കാട്ടാക്കട നഗരങ്ങളെ ബന്ധിപ്പിച്ച് ബാലരാമപുരത്തേയ്ക്ക് സമാന്തര റെയിൽവേയായി നിർമിക്കുന്പോൾ ശബരി റെയിൽവേ പദ്ധതി വഴി കേരളത്തിന് പുതിയതായി 25 റെയിൽവേ സ്റ്റേഷനുകൾ കൂടി ലഭിക്കും.

പത്തനംതിട്ട ജില്ലാ ആസ്ഥാനത്തേയ്ക്ക് സംസ്ഥാന തലസ്ഥാനത്തു നിന്നും റെയിൽവേ യാത്രാ സൗകര്യം ലഭിക്കുന്നതാണ് വിഴിഞ്ഞം ഗ്രീൻ ഫീൽഡ് റെയിൽവേ പദ്ധതിയുടെ മറ്റൊരു നേട്ടം. പെരുന്പാവൂരിലെ പ്ലൈവുഡ് വ്യവസായ മേഖലയെയും ഇന്ത്യയുടെ പൈനാപ്പിൾ സിറ്റിയായ വാഴക്കുളത്തെയും തൊടുപുഴയിലെ കിൻഫ്രാ സ്പൈസെസ് പാർക്കിനെയും കോതമംഗലം നെല്ലിക്കുഴിയിലെ ഫർണീച്ചർ ക്ലസ്റ്ററിനെയും മൂവാറ്റുപുഴ നെല്ലാടിലെ കിൻഫ്രാ ഫുഡ് പാർക്കിനെയും പുതിയ റെയിൽവേ കോറിഡോർ വഴി വിഴിഞ്ഞം തുറമുഖവുമായി ബന്ധിപ്പിക്കുന്നത് വ്യവസായ കേന്ദ്രങ്ങളുടെയും തുറമുഖത്തിൻറെയും വികസനത്തിന് സഹായകരമാകും. മേഖലയിൽനിന്ന് ദിനംപ്രതി 850 ട്രക്ക് ഉത്പന്നങ്ങൾ ദേശീയഅന്തർദേശീയ മാർക്കറ്റുകളിലേക്കു കയറ്റുമതി ചെയ്യുന്നുണ്ട്.

കിഴക്കൻ മേഖലയിൽ നിന്നുള്ള കാർഷിക ഉത്പന്നങ്ങൾ ദേശീയഅന്തർദേശീയ വിപണികളിലെത്തിക്കാൻ തുറമുഖവും സമാന്തര റെയിൽവേ കോറിഡോറും സഹായകരമാകും. കിഴക്കൻ മേഖലയിലുള്ള വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാനും സാധിക്കും. ക്രൂയിസ് ഷിപ്പിൽ വിഴിഞ്ഞം തുറമുഖത്ത് എത്തിച്ചേരുന്ന വിദേശ സഞ്ചാരികൾക്കും പാത ഉപയോഗിക്കാനാകും.

ഗ്രീൻ ഫീൽഡ് റെയിൽവേ കൊല്ലംചെങ്കോട്ട റെയിൽപാതയുമായി പുനലൂരിൽ ചേരുന്നതിനാൽ തെക്കൻ തമിഴ്നാട്ടിൽനിന്നുള്ള ശബരിമല തീർഥാടകർക്കുള്ള റെയിൽവേ സൗകര്യങ്ങളും വർധിക്കും. അങ്കമാലി ശബരി റെയിൽവേയ്ക്കായി നടപ്പ് സാന്പത്തിക വർഷം 100 കോടി രൂപ ബജറ്റിൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ശബരി റെയിൽവേയുടെ പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവേ ബോർഡിൻറെ പരിശോധനയ്ക്കായി ദക്ഷിണ റെയിൽവേ സമർപ്പിച്ചിരിക്കുകയാണ്.

# അഭയമന്ദിരത്തിലെ അച്ഛനമ്മമാർക്ക് സ്നേഹവേദിയൊരുക്കി കൊച്ചി ലുലു മാൾ

**കൊച്ചി :** ഹൃദ്യമായ സ്നേഹസംഗമത്തിന് സാക്ഷ്യം വഹിച്ച് ലുലു മാൾ. കോട്ടയം ബേക്കറി ജംഗ്ഷനിലെ സ്നേഹക്കൂട് അഭയമന്ദിരത്തിലെ അറുപതോളം അച്ഛനമ്മമാരാണ് കളിച്ചിരിയുമായി ലുലു മാളിൽ ഒത്തുകൂടിയത്. കവിതയും പാട്ടും നാടകവും നാടൻപാട്ടുമെല്ലാമായി രണ്ട് മണിക്കൂർ ഉത്സവപ്രതീതിയാണ് ലുലുവിൽ ഒരുങ്ങിയത്.




സ്വന്തം മക്കളാൽ ഉപേക്ഷിക്കപ്പെട്ട സ്നേഹക്കൂട് അഭയമന്ദിരത്തിലെ അച്ഛനമ്മമാരാണ് സ്നേഹയാത്രയുടെ ഭാഗമായി കൊച്ചി ലുലുവിലെത്തിയത്. മാളിലെ ജീവനക്കാർ ചേർന്ന് ഊഷ്മളമായ വരവേൽപ്പാണ് ഇവർക്ക് നൽകിയത്. തുടർന്ന് മാൾ സെൻട്രൽ ഏട്രിയത്തിൽ ഒരുക്കിയ വേദിയിൽ അച്ഛനമ്മമാർക്ക് കലാപ്രകടനങ്ങൾ നടത്താനുള്ള സൗകര്യവും ഒരുക്കിയിരുന്നു. നാടൻപാട്ടും നാടകവും കവിതയുമെല്ലാമായി സദസ് ആഘോഷത്തിലായി. പുതിയ തലമുറ മാതാപിതാക്കളെ ഉപേക്ഷിക്കുന്നതിനെതിരായ സന്ദേശം വിളിച്ചോതുന്ന ഡിവൈഎസ്പി സുബാഷ് കുമാറിന്റെ കവിതയായ അമ്മയുടെ ദൃശ്യാവിഷ്കാരം അച്ഛനമ്മമാർ അവതരിപ്പിച്ചത് ഏറെ ശ്രദ്ധേയമായി.

സ്നേഹക്കൂട് അഭയമന്ദിരത്തിൽ വച്ച് ആഴ്ചകളോളം റിഹേഴ്ൽ ചെയ്ത് പഠിച്ചാണ് ലുലുവിലെത്തി മികച്ച രീതിയിൽ ഇവർ അവതരിപ്പിച്ചത്. സദസ്സിന്റെ മുഴുവൻ കയ്യടി നേടി ഹൃദയം കവർന്നു ഈ അച്ഛനമ്മമാർ. കോട്ടയം സ്നേഹക്കൂട് അഭയമന്ദിരത്തിൽ നിന്ന് ആദ്യം കണിച്ചുകുളങ്ങര ക്ഷേത്രത്തിലും അർത്തുങ്കൽ പള്ളിയിലുമെത്തി പ്രാർത്ഥിച്ച് തുടർന്ന് മെട്രോയിലാണ് ഇവർ ലുലു മാളിലെത്തിയത്. സ്നേഹസംഗമത്തിന് വേദിയൊരുക്കിയ എം.എ യൂസഫലിക്ക് സ്നേഹക്കൂട്ടിലെ അച്ഛനമ്മമാർ നന്ദി അറിയിച്ചു. ലുലു മാൾ ചുറ്റികണ്ട് ഭക്ഷണവും കഴിച്ച ശേഷമാണ് അച്ഛനമ്മമാർ മടങ്ങിയത്.

തിരക്കഥാകൃത്ത് അഭിലാഷ് പിള്ള , നടൻ വിഷ്ണു വിനയൻ, വ്ലോഗ്ഗർ ഡോ. ബാഷിദ് ബഷീർ, സ്നേഹക്കൂട് മാനേജിങ്ങ് ട്രസ്റ്റി നിഷ സ്നേഹക്കൂട് സെക്രട്ടറി അനുരാജ് ബി.കെ എന്നിവരും ചടങ്ങിൽ ഭാഗമാവുകയും പ്രഭാഷണം നടത്തുകയും ചെയ്തു



**നാരായണീയം മഹോത്സവത്തിന്റെ ഭാഗമായി 10008 വീടുകളിൽ നടക്കുന്ന ഭവനം പാവനം നാമജപം പരിപാടിയുടെ ഉദ്ഘാടനവേളയിൽ മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസിൽ നിന്നും ജപദ്രവ്യം ജസ്റ്റിസ്മാരായ പി.എൻ.രാമചന്ദ്രൻ, പി.എസ്.ഗോപീനാഥ് എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു. പത്മജ എസ്.മേനോൻ, സി.വി.സജിനി, ആർ നാരായണപിള്ള, സി.ജി രാജഗോപാൽ, അഡ്വക്കേറ്റ് മാങ്കോട് രാമകൃഷ്ണൻ, വി.എസ്.പവിത്രൻ എന്നിവർ സമീപം.**

# ഭവനം പാവനം നാമജപം മഹായജ്ഞത്തിന് തുടക്കം കുറിച്ചു

**കൊച്ചി :** നാരായണീയ മഹോത്സവത്തിന്റെയും ശതകോടി അർച്ചനയുടെയും മുന്നോടിയായി 10008 വീടുകളിൽ നടക്കുന്ന ഭവനം പാവനം നാമജപം മഹായജ്ഞത്തിന് തുടക്കം കുറിച്ചു. എറണാകുളം ബി.ടി.എച്ച് ഹാളിൽ നടന്ന ചടങ്ങിൽ ശബരിമല, ഗുരുവായൂർ മുൻ മേൽശാന്തിയും പാവക്കുളം ക്ഷേത്രം മേൽശാന്തിയുമായ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി ജപദ്രവ്യം ജസ്റ്റിസ് പി.എസ്.ഗോപിനാഥിന് കൈമാറിയാണ് മഹായജ്ഞത്തിന് തുടക്കം കുറിച്ചത്. പൂജിച്ച തുളസിവിത്ത്, ഗോപീചന്ദനം, ജപചരട്,തുളസീപീഠം എന്നിവയടങ്ങിയതാണ് ജപദ്രവ്യം. ചടങ്ങിൽ ജസ്റ്റിസ് പി.എൻ.രാമചന്ദ്രൻ, കൗൺസിലർ പത്മജ എസ്.മേനോൻ, സി.വി.സജിനി, ആർ നാരായണപിള്ള, സി.ജി രാജഗോപാൽ, അഡ്വക്കേറ്റ് മാങ്കോട് രാമകൃഷ്ണൻ, വി.എസ്.പവിത്രൻ, എൻ.ജെ.കെ.ജയൻ, രശ്മി ബാബു തുടങ്ങിയവർ പ്രസംഗിച്ചു. എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നവംബർ 5 മുതൽ 12 വരെ യാണ് നാരായണീയ മഹോത്സവം നടക്കുക.

## ഐ.എം.എ കൊച്ചി : പുതിയ ഭാരവാഹികൾ



**പ്രസിഡന്റ് ഡോ.എം.എം.ഹനീഷ്, സെക്രട്ടറി ഡോ. ജോർജ് തുകലൻ, ട്രഷറർ ഡോ. സച്ചിൻ സുരേഷ്**

# സുഭിക്ഷ കാന്റീൻ എസ് ടി പി പ്ലാന്റും ടാങ്കും എത്തിച്ചു

**തൃശൂർ:** ഖരമാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് കുന്നംകുളം നഗരസഭ സുഭിക്ഷ കാന്റീനിന്റെ പിറക് വശത്ത് സ്ഥാപിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (എസ് ടി പി) നിർമ്മാണത്തിനായി 10,000 ലിറ്റർ സംഭരണ ശേഷിയുള്ള പ്ലാന്റും 5000 ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കും എത്തി. ഇതിന്റെ ഘടിപ്പിക്കൽ അടുത്തദിവസം തന്നെ ആരംഭിക്കും. നിർമ്മാണ ഏജൻസിയായ എച്ച്ഇസിഎസ് കമ്പനി ചെന്നൈയിൽ നിന്നാണ് പ്ലാന്റും ടാങ്കും എത്തിച്ചത്.

ഇത് സ്ഥാപിക്കുന്നതോടെ ഖരമാലിന്യ സംസ്കരണത്തോടൊപ്പം നഗരസഭയിലെ തന്നെ സെപ്റ്റിക് മാലിന്യ സംസ്കരണവും നടത്താനാവും. സുഭിക്ഷ കാന്റീനിൽ നിന്നുള്ള പാഴ്ജലം, പുനരുപയോഗിച്ച് സമീപത്തെ പുന്തോട്ടം നനയ്ക്കുന്നതിനും അനുബന്ധ ആവശ്യങ്ങൾക്കും പറ്റുന്ന തരത്തിലുള്ളതാണ് പദ്ധതി. നഗര സഞ്ചയിക പദ്ധതി പ്രകാരം 30 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് എസ് ടി പി നിർമ്മാണം. ഇ കെ നായനാർ സ്മാരക ബസ് സ്റ്റാൻഡ്, തുറക്കുളം മാർക്കറ്റ് എന്നിവിടങ്ങളിലാണ് പദ്ധതിയുടെ രണ്ടാം ഘട്ടമായി എസ് ടി പി സ്ഥാപിക്കുക.

നഗരസഭ വൈസ് ചെയർപേഴ്സൺ സൗമ്യ അനിലൻ, സ്ഥിരം സമിതി അധ്യക്ഷന്മാരായ പി എം സുരേഷ്, സജിനി പ്രേമൻ, ടി സോമശേഖരൻ, പ്രിയ സജീഷ്, സെക്രട്ടറി വി എസ് സന്ദീപ്കുമാർ, മുനിസിപ്പൽ എൻജിനീയർ ബിനയ് ബോസ്, ഏജൻസി കോർഡിനേറ്റർ ശ്യാം തുടങ്ങിയവർ എസ് ടി പി സ്ഥാപിക്കുന്ന സ്ഥലത്തെത്തിയിരുന്നു.

# പാലങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കുമെന്ന് മന്ത്രി റിയാസ്

**കൽപ്പറ്റ:** പാലങ്ങളെ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കുമെന്ന് പൊതുമരാമത്ത്ടൂറിസം മന്ത്രി പി.എ. മുഹമ്മദ് റിയാസ്. കൽപ്പറ്റ, മാനന്തവാടി നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന താളിപ്പാറക്കടവ് പാലം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പാലങ്ങൾ ദീപാലംകൃതമാക്കുകയും നദികൾക്ക് കുറുകെയല്ലാത്ത ഓവർ ബ്രിഡ്ജുകളുടെ താഴത്തെ ഭാഗം പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുംവിധം പരിവർത്തനം ചെയ്യുകയുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

താളിപ്പാറക്കടവ് പാലം നാടിൻറെ മുന്നേറ്റത്തിന് വഴിയൊരുക്കും. കാർഷിക മേഖലയുടെയും ടൂറിസം മേഖലയുടെയും കുതിപ്പിന് പാലം സഹായകമാവും.

ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ ബാണാസുര സാഗാറിനെയും കുറുന്പാലക്കോട്ടയെയും വേഗത്തിൽ ബന്ധിപ്പിക്കുന്നതു വഴി ടൂറിസം മേഖലയ്ക്ക് പാലം മുതൽക്കൂട്ടാകും. ജില്ലയിൽ ടൂറിസം മേഖല വലിയ കുതിപ്പാണ് കാഴ്ചവയ്ക്കുന്നത്. 2023ൽ ജില്ലയിലെത്തുന്ന ആഭ്യന്തര സഞ്ചാരികളുടെ എണ്ണം റിക്കാർഡാകും.



വയനാടിൻറെ ടൂറിസം സാധ്യതകൾ മറ്റ് സംസ്ഥാനങ്ങൾക്ക് പരിചയപ്പെടുത്തുന്ന പദ്ധതികൾക്കൾക്കു തുടക്കമിട്ടതായും മന്ത്രി പറഞ്ഞു.ഒ.ആർ. കേളു എംഎൽഎ അധ്യക്ഷത വഹിച്ചു. രാഹുൽഗാന്ധി എംപിയുടെ സന്ദേശം പോൾസൺ കൂവക്കൽ വായിച്ചു. താളിപ്പാറക്കടവ് പാലം നിർമാണത്തിൽ പ്രവർത്തിച്ചവരെ ആദരിച്ചു.

ടി. സിദ്ദിഖ് എംഎൽഎ മുഖ്യാതിഥിയായി. പിഡബ്ല്യുഡി (ബ്രിഡ്ജസ്) എക്സിക്യുട്ടീവ് എൻജിനിയർ സി.എസ്. അജിത് റിപ്പോർട്ട് അവതരിപ്പിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരക്കാർ, പഞ്ചായത്ത് പ്രസിഡൻറുമാരായ പി.എം. ആസ്യ, പി. ബാലൻ, ജില്ലാ പഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം. മുഹമ്മദ് ബഷീർ, ജില്ലാ പഞ്ചായത്ത് അംഗം കെ.ബി. നസീമ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ കെ.കെ. അസ്മ, പി.കെ. അബ്ദുറഹ്മാൻ, പടിഞ്ഞാറത്തറ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഗിരിജ കൃഷ്ണൻ,

പനമരം പഞ്ചായത്ത് വൈസ് പ്രസിഡൻറ് തോമസ് പാറക്കാലയിൽ, കേരള ബാങ്ക് ഡയറക്ടർ പി. ഗഗാറിൻ, പൊതുമരാമത്ത്(ബ്രിഡ്ജസ്)അസി.എക്സിക്യുട്ടീവ് എൻജിനിയർ കമലാക്ഷൻ പാലേരി, കോഴിക്കോട് പൊതുമരാമത്ത് (ബ്രിഡ്ജസ്) സൂപ്രണ്ടിംഗ് എൻജിനിയർ പി.കെ. രമ എന്നിവർ പ്രസംഗിച്ചു. നബാർഡ് ആർഐഡിഎഫ് 21 പദ്ധതിയിൽ 17.55 കോടി രൂപ ചെലവിലാണ് പാലം നിർമാണം പൂർത്തിയാക്കിയത്. മൂന്ന് സ്പാനുകൾ ഉള്ള പാലത്തിൻറെ ആകെ നീളം 66.96 മീറ്ററാണ്.

# യാത്രക്കാർ 10 ലക്ഷത്തിലേക്ക് ഫോർട്ടുകൊച്ചിയിലേക്കും ചിറ്റൂരിലേക്കും വാട്ടർമെട്രോ ഡിസംബറിൽ

**കൊച്ചി:** ദ്വീപുകളെ നഗരവുമായി ബന്ധിപ്പിക്കാൻ കെഎംആർഎൽ നടപ്പാക്കിയ സംയോജിത ജലഗതാഗത സംവിധാനമായ വാട്ടർ മെട്രോയിൽ യാത്ര ചെയ്തവരുടെ എണ്ണം 10 ലക്ഷത്തിലേക്ക്. കഴിഞ്ഞ ഏപ്രിലിൽ ആണ് സർവീസ് ആരംഭിച്ചത്.

തുടർന്നുള്ള ആറ് മാസത്തിൽ 9.60 ലക്ഷത്തോളം പേർ എറണാകുളംവൈപ്പിൻ, എറണാകുളംബോൾഗാട്ടി, വൈറ്റിലകാക്കനാട് റൂട്ടിൽ സഞ്ചരിച്ചു. ഈ മാസം അവസാനത്തോടെ 10 ലക്ഷം യാത്രക്കാരെന്ന അഭിമാന നേട്ടം സ്വന്തമാക്കാനാകുമെന്ന പ്രതീക്ഷയിലാണ് കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് (കെഡബ്ല്യുഎംഎൽ) അധികൃതർ.

രണ്ടാഴ്ച മുൻപാണ് എറണാകുളംമുളവുകാട് റൂട്ടിൽ സർവീസ് ആരംഭിച്ചത്. പുതിയ മൂന്ന് റൂട്ടുകളും ഉടൻ ആരംഭിക്കും. മൂന്ന് ബോട്ടുകൾ കൂടി ലഭിച്ചതോടെ മൊത്തം ബോട്ടുകളുടെ എണ്ണം 12 ആയി. രണ്ട് ബോട്ടുകളുടെ നിർമാണം കൊച്ചിൻ ഷിപ്‌യാർഡിൽ പുരോഗമിക്കുകയാണ്. നിലവിൽ മൂന്ന് റൂട്ടുകളിലായി ഒന്പത് ബോട്ടുകൾ സർവീസ് നടത്തുന്നുണ്ട്.



വാരാന്ത്യ ദിവസങ്ങളിൽ യാത്രക്കാരുടെ എണ്ണം 4,000 മുതൽ 5,000 വരെയാണ്. ഇടദിവസങ്ങളിൽ ശരാശരി 2500 പേർ യാത്ര ചെയ്യുന്നുണ്ട്. യാത്രക്കാർ ഏറെയും എറണാകുളം വൈപ്പിൻ റൂട്ടിലാണ്. 15 മിനിറ്റ് ഇടവേളയിലാണ് ഈ റൂട്ടിൽ സർവീസുള്ളത്.

വൈറ്റിലകാക്കനാട് റൂട്ടിൽ 20 മിനിറ്റ് ഇടവേളയിലും പുതുതായി ആരംഭിച്ച എറണാകുളംബോൾഗാട്ടി റൂട്ടിൽ 30 മിനിറ്റ് ഇടവേളയിലും സർവീസുണ്ട്. കൊച്ചി മെട്രോയുടെ രണ്ടാംഘട്ടം നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ സിൽവർലൈൻ റോഡിലെ തിരക്കിൽപ്പെട്ടുപോകാതിരിക്കാൻ വൈറ്റിലകാക്കനാട് റൂട്ടിൽ വാട്ടർ മെട്രോയെ ആളുകൾ കൂടുതലായി ആശ്രയിച്ചുതുടങ്ങുമെന്ന പ്രതീക്ഷയും അധികൃതർക്കുണ്ട്.

നിലവിലുള്ള മൂന്ന് റൂട്ടുകൾക്ക് പുറമെ ഫോർട്ടുകൊച്ചിയിലേക്കും ഏലൂരിലേക്കും സൗത്ത് ചിറ്റൂരിലേക്കും സർവീസ് ആരംഭിക്കാനുള്ള ശ്രമത്തിലാണ് കെഡബ്ല്യുഎംഎൽ. മൂന്ന് ഇടങ്ങളിലും ജെട്ടിയുടെ നിർമാണം പുരോഗമിക്കുകയാണ്. ഫോർട്ടുകൊച്ചി, ചിറ്റൂർ റൂട്ടുകളിൽ ഡിസംബറോടെ സർവീസ് ആരംഭിച്ചേക്കും. ബോട്ടുകൾ ലഭിക്കുന്നതിലെ കാലതാമസമാണ് തടസമായിട്ടുള്ളത്.

നൂറ് പേർക്ക് സഞ്ചരിക്കാവുന്ന 23 ബോട്ടുകളാണ് ആദ്യഘട്ടമായി കൊച്ചിൻ ഷിപ്‌യാർഡ് നിർമിച്ചു നൽകുന്നത്. ഇതിൽ 12 ബോട്ടുകൾ നൽകിക്കഴിഞ്ഞു.

ഈ മാസത്തോടെ ശേഷിക്കുന്ന ബോട്ടുകൾ നൽകണമെന്നാണ് കരാറെങ്കിലും അടുത്ത ഫെബ്രുവരി സമയം ദീർഘിപ്പിച്ചിട്ടുണ്ട്.

## കുടിശിക നിവാരണ അദാലത്ത് ഒക്ടോബർ പത്തിന്

**കൊല്ലം:** കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായവർക്ക് കുടിശികനിവാരണ അദാലത്ത് ഒക്ടോബർ പത്തിന് രാവിലെ 10 മുതൽ പുനലൂർ മുൻസിപ്പാലിറ്റിയിൽ നടത്തും. രണ്ടു കൊല്ലത്തിൽ കൂടുതൽ കുടിശിക വരുത്തി അംഗത്വം റദ്ദായിപോയവർക്ക് പുന:സ്ഥാപിക്കുന്നതിനും നിലവിൽ അംശദായം അടയ്ക്കാനും പുതിയ അംഗങ്ങളെ ചേർക്കാനും അവസരമുണ്ട്.

കുടിശിക അടയ്ക്കാൻ ബാങ്ക് പാസ്ബുക്കും ആധാറിന്റെ പകർപ്പും കൊണ്ടുവരണം. ഫോൺ 9746822396, 7025491386, 0474 2766843, 2950183.

## ഗാന്ധിജയന്തി; ക്വിസ് മത്സരം ഒക്ടോബർ 19 ന്

**കൊല്ലം:** ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിന്റെ നേതൃത്വത്തിൽ മഹാത്മാഗാന്ധി ജന്മദിനാഘോഷങ്ങളുടെ ഭാഗമായി 'ഗാന്ധിജിയും ഖാദിപ്രസ്ഥാനവും സ്വാതന്ത്ര്യസമരവും' എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ ഒക്ടോബർ 13 ന് വൈകീട്ട് 5 നകം potcr@kkvib.org എന്ന ഇമെയിൽ വഴിയോ ഓഫീസിൽ നേരിട്ടോ രജിസ്റ്റർ ചെയ്യണം. ക്വിസ് മത്സരം ഒക്ടോബർ 19 ന് രാവിലെ സാഹിത്യ അക്കാദമി ഹാളിൽ നടക്കും.

ഒരു സ്കൂളിൽ നിന്ന് രണ്ടു കുട്ടികൾക്ക് പങ്കെടുക്കാം. രാവിലെ 10 ന് വേദിയിൽ രജിസ്ട്രേഷൻ ആരംഭിക്കും. ഫോൺ: 0487 2338699, 9048581810.

## ബാലസാഹിത്യ പുരസ്കാരങ്ങൾക്ക് ഒക്ടോബർ 20 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ, 2023 വർഷത്തെ ബാലസാഹിത്യ പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 20 വരെ ദീർഘിപ്പിച്ചു. 2020, 2021, 2022 വർഷങ്ങളിൽ ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച മികച്ച ബാലസാഹിത്യ കൃതികൾക്കാണ് പുരസ്കാരം നൽകുന്നത്. 20,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. കഥ/ നോവൽ, കവിത, നാടകം, വിവർത്തനം പുനരാഖ്യാനം, ശാസ്ത്രം വൈജ്ഞാനികം (ശാസ്ത്രം ഒഴികെ), ജീവചരിത്രം/ ആത്മകഥ ചിത്രീകരണം, ചിത്രപുസ്തകം, പ്രൊഡക്ഷൻ എന്നിങ്ങനെ 10 വിഭാഗത്തിലാണ് പുരസ്കാരം ഏർപ്പടുത്തിയിട്ടുള്ളത്. മുൻവർഷങ്ങളിൽ പുരസ്കാരം ലഭിച്ച എഴുത്തുകാരുടെ കൃതികൾ അതേ വിഭാഗത്തിൽ വീണ്ടും പരിഗണിക്കില്ല. അവർക്ക് മറ്റ് വിഭാഗങ്ങളിലേക്ക് കൃതികൾ അയയ്ക്കാം. എഴുത്തുകാർക്കും പ്രസാധകർക്കും പുരസ്കാരത്തിനായി പുസ്തകങ്ങൾ അയയ്ക്കാം.

പുസ്തകങ്ങളുടെ പരിഷ്കരിച്ച പതിപ്പുകൾ അവാർഡിന് പരിഗണിക്കുന്നതല്ല. പുരസ്കാരത്തിന് പരിഗണിക്കേണ്ട പുസ്തകങ്ങളുടെ നാലു കോപ്പികൾ വീതം ഡയറക്ടർ, കേരള സംസ്ഥാന ബാലസഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്കൃത കോളജ് കാമ്പസ്, പാളയം, തിരുവനന്തപുരം 34 എന്ന വിലാസത്തിലാണ് അപേക്ഷകൾ ലഭിക്കേണ്ടത്.

# വളർത്തുമൃഗങ്ങളിൽ സൂക്ഷിക്കണം പൂപ്പൽ വിഷബാധ



1960ലാണ് അപ്രതീക്ഷിതമായി ഇംഗ്ലണ്ടിലെ ഫാമുകളിലും വീടുകളിലും വളർത്തിയിരുന്ന ടർക്കി പക്ഷികൾ കൂട്ടത്തോടെ ചത്തൊടുങ്ങാൻ തുടങ്ങിയത്. രോഗത്തിൻറെ കാരണം കൃത്യമായി കണ്ടെത്താൻ ആദ്യഘട്ടത്തിൽ ആർക്കുമായില്ല.

ടർക്കി പക്ഷികളുടെ മരണകാരണം അജ്ഞാതമായതോടെ രോഗത്തിന് ടർക്കി എക്സ് ഡിസീസ് എന്ന വിളിപ്പേര് വീണു. പക്ഷികൾക്കു കൊടുക്കാനായി ബ്രസീലിൽ നിന്നെത്തിച്ച നിലക്കടല പിണ്ണാക്കിൽ നിന്നാണ് രോഗം പടർന്നതെന്നു പിന്നീട് ഗവേഷകർ കണ്ടെത്തി.

രോഗത്തിൻറെ വഴി കണ്ടെത്തിയെങ്കിലും കാരണം അപ്പോഴും കാണാമറയത്ത് തന്നെയായിരുന്നു. തുടർന്നു നടത്തിയ വിശദമായ അന്വേഷണത്തിൽ നിലക്കടല പിണ്ണാക്കിൽ നിന്ന് ഒരു കുമിളിനെ വേർതിരിച്ചെടുത്തതോയാണു രഹസ്യത്തിൻറെ ചുരുളഴിഞ്ഞത്.

പിണ്ണാക്കിൽ ഒളിച്ചിരുന്ന ആസ്പെർഗില്ലസ് ഫ്ലാവസ് എന്നുപേരായ കുമിളുകൾ പുറന്തള്ളിയ അഫ്ലാടോക്സിൻ എന്ന വിഷമാണു ലക്ഷക്കണക്കിനു പക്ഷികളുടെ ജീവനെടുത്തത്.

അഫ്ലാടോക്സിൻ വിഷത്തിൻറെ ചെറിയ ഒരംശത്തിന് തന്നെ ടർക്കി, താറാവ്, വാത്ത തുടങ്ങിയ വളർത്തുപക്ഷികളുടെ ജീവനെടുക്കാൻ സാധിക്കും. മറ്റ് വളർത്തുമൃഗങ്ങളിലും മനുഷ്യരിലുമെല്ലാം അഫ്ലാടോക്സിൻ വിഷം വിവിധ അളവുകളിൽ മാരകമാണ്.

ഇന്നും ഏറ്റവും കരുതൽ പുലർത്തേണ്ട ഭക്ഷ്യവിഷബാധയാണ് അഫ്ലാടോക്സിൻ.

ആവശ്യത്തിന് വെളിച്ചവും വായുസഞ്ചാരവുമുള്ള മുറികളിലാണ് തീറ്റച്ചാക്കുകൾ സൂക്ഷിക്കേണ്ടത്. തീറ്റമുറി എപ്പോഴും വൃത്തിയായി സൂക്ഷിക്കുകയും വേണം. തീറ്റ സൂക്ഷിക്കുന്ന മുറിക്ക് കന്നുകാലി/പൗൾട്രി ഷെഡിൽ നിന്നു ചുരുങ്ങിയത് അഞ്ചുമീറ്ററെങ്കിലും അകലമുണ്ടാവണം.



തീറ്റമുറികളുടെ പ്രവേശന കവാടത്തിൽ അണുനാശിനികൾ നിറച്ച ഫുട്ട് ബാത്ത് ക്രമീകരിക്കുന്നതും അതിൽ കാൽ നനച്ച ശേഷം ഉള്ളിലേക്കു കയറുന്നതും മികച്ച ജൈവസുരക്ഷാ മാർഗമാണ്.

പൊട്ടാസ്യം പെർമാംഗനേറ്റ് ഫോർമാലിൻ മിശ്രിതം ഉപയോഗിച്ചു തീറ്റമുറികൾ ഫ്യൂമിഗേഷൻ നടത്തി അണുനശീകരണം നടത്താവുന്നതാണ്. മുൻകൂട്ടി വാങ്ങി സൂക്ഷിക്കുന്ന തീറ്റച്ചാക്കുകളും തീറ്റ ചേരുവകളും തറയിൽ നിന്ന് ഒരടി ഉയരത്തിലും ഭിത്തിയിൽ നിന്ന് ഒന്നരയടി അകലത്തിലും മാറി പലകയുടെ മുകളിൽ സൂക്ഷിക്കണം.

കാലിത്തീറ്റ സൂക്ഷിക്കാനുള്ള പ്രത്യേകം ഫൈബർ / പ്ലാസ്റ്റിക് ചട്ടക്കൂടുകൾ വിപണിയിൽ കിട്ടും. ചാക്കുകൾക്ക് മുകളിൽ തണുത്ത കാറ്റോ മഴചാറ്റലോ ഏൽക്കാതെ ശ്രദ്ധിക്കണം.

മഴക്കാലത്ത് ഒന്ന് രണ്ട് ആഴ്ചത്തേക്ക് മാത്രമുള്ള തീറ്റ മുൻകൂട്ടി വാങ്ങി സൂക്ഷിക്കുന്നതാണ് അഭികാമ്യം.

നനഞ്ഞ കൈകൊണ്ടോ പാത്രങ്ങൾകൊണ്ടോ കാലിത്തീറ്റയും പക്ഷിതീറ്റയും കോരിയെടുക്കരുത്. തീറ്റയെടുത്തശേഷം ബാക്കിവരുന്ന തീറ്റ ഈർപ്പം കയറാത്ത രീതിയിൽ അടച്ചു സൂക്ഷിക്കണം.

വലിയ തീറ്റ ചാക്കിൽ നിന്നു നിത്യവും നേരിട്ട് എടുക്കുന്നതിന് പകരം ചെറിയ ചാക്കുകളിലേക്കും പാത്രങ്ങളിലേക്കും മാറ്റി ദിവസേന ആവശ്യമായ തീറ്റമാത്രം എടുക്കുന്നതാണ് അഭികാമ്യം.

ഇതുവഴി വലിയ ചാക്കിലെ പൂപ്പൽ ബാധ തടയാനാകും. തീറ്റ നഞ്ഞാൽ വെയിലത്ത് ഉണക്കി എത്രയും വേഗം ഉപയോഗിക്കണം. വൈക്കോലും പ്ലാവിലയടക്കമുള്ള പച്ചില തീറ്റകളും നന്നായി ഉണക്കി ഈർപ്പമോ, മഴച്ചാറ്റലോ ഏൽക്കാത്ത വിധം സൂക്ഷിക്കണം.

തീറ്റ നൽകുന്ന പാത്രങ്ങൾ നിത്യവും കഴുകി തുടച്ചു വൃത്തിയാക്കണം. തൊഴുത്തിൻറെ തറയിൽ പുല്ലും വൈക്കോലും കാലിത്തീറ്റയവശിഷ്ടങ്ങളും കെട്ടിക്കിടന്ന് അവയിൽ പൂപ്പലുകൾ വളരാനുള്ള സാധ്യത ഒഴിവാക്കണം.

വൈക്കോൽ ഉൾപ്പെടെ സൂക്ഷിച്ചുവച്ച കാലിത്തീറ്റകൾ ഇടയ്ക്ക് വെയിലിൽ ഉണക്കുന്നത് ഈർപ്പം കുറയ്ക്കാനും പൂപ്പലുകളുടെ വളർച്ച തടയാനും ഉപകരിക്കും.

കാലിത്തീറ്റയ്ക്കും വൈക്കോലിനും പക്ഷിത്തീറ്റയ്ക്കും ദുർഗന്ധം, കട്ടകെട്ടൽ, നിറത്തിലും രൂപത്തിലുമുള്ള വ്യത്യാസം, തീറ്റയിൽ വെള്ളനിറത്തിൽ കോളനികളായി വളർന്നിരിക്കുന്ന പൂപ്പലുകൾ എന്നിവയെല്ലാമാണ് തീറ്റയിൽ പൂപ്പൽ വിഷബാധയേറ്റതിൻറെ സൂചനകൾ.

പഴകിയതോ പൂപ്പൽ ബാധിച്ചതോ കട്ടകെട്ടിയതോ കനച്ചതോ ആയ തീറ്റകൾ ഒരു കാരണവശാലും പശുക്കളും ആടുകളും കോഴികളും അടക്കമുള്ള വളർത്തുജീവികൾക്ക് നൽകരുത്.

ലക്ഷണങ്ങൾ ഒന്നും പ്രകടമാവാത്ത തീറ്റയിലും പൂപ്പൽ വിഷബാധ ഉണ്ടാവാനുള്ള സാധ്യതയും തള്ളിക്കളയാൻ കഴിയില്ല. തീറ്റകൾ നന്നായി കഴുകിയോ തിളപ്പിച്ചോ ചൂടാക്കിയോ നൽകിയാൽ പോലും പൂപ്പലുകൾ പുറന്തള്ളിയ മാരകവിഷം നശിക്കില്ല.

പൂപ്പൽ ബാധിച്ച തീറ്റ മറ്റു തീറ്റകളുമായി ചെറിയ അളവിൽ കലർത്തി നൽകുന്നതും അപകടകരമാണ്. രോഗലക്ഷണങ്ങളുടെ തീവ്രത പൂപ്പൽ വിഷത്തെയും ഉള്ളിലെത്തിയ അതിൻറെ അളവിനെയും ആശ്രയിച്ചിരിക്കും.

ശരീരക്ഷീണം, ക്രമേണയുള്ള തീറ്റ മടുപ്പ്, ഇടവിട്ടുള്ള ശക്തമായ വയറിളക്കം, വയറിലുള്ള നീർക്കെട്ട്, പാലുത്പാദനത്തിൽ പെട്ടെന്നുള്ള കുറവ് എന്നിവയാണു പശുക്കളിൽ തീവ്ര പൂപ്പൽ വിഷബാധയുടെ പ്രാരംഭലക്ഷണങ്ങൾ.

പൂപ്പൽ വിഷം ആന്തരാവയവങ്ങളിൽ രക്തസ്രാവത്തിന് കാരണമാവുന്നതിനാൽ രക്തം കലർന്ന മൂത്രത്തിനും വയറിളക്കത്തിനും സാധ്യതയുണ്ട്. ഗർഭിണികളായ ഉരുക്കളിൽ ഗർഭമലസലിനും പൂപ്പൽ വിഷം കാരണമാവും. മൃഗങ്ങളിൽ ലക്ഷണങ്ങൾ ഏതെങ്കിലും ശ്രദ്ധയിൽ പെട്ടാൽ ഉടൻ വൈദ്യസഹായം തേടണം.

അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന പുതിയ പരുഷ, സാന്ദ്രീകൃത തീറ്റകൾ വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും നൽകിയതിന് ശേഷം ശരീരക്ഷീണം, ക്രമേണയുള്ള തീറ്റ മടുപ്പ്, ഇടവിട്ടുള്ള ശക്തമായ വിട്ടുമാറാത്ത വയറിളക്കം, പാലുത്പാദനത്തിൽ പെട്ടെന്നുള്ള കുറവ്, പക്ഷികളിൽ പെട്ടെന്നുള്ള കൂട്ടമരണം തുടങ്ങിയ അസ്വാഭാവികലക്ഷണങ്ങൾ ശ്രദ്ധയിൽ പെട്ടാൽ തീറ്റയിൽ പൂപ്പൽ വിഷബാധ സംശയിക്കാവുന്നതാണ്.

ഈ സാഹചര്യത്തിൽ പ്രസ്തുത തീറ്റ നൽകുന്നത് താത്കാലികമായി നിർത്തി തീറ്റയുടെ രാസപരിശോധനാ നടത്താനുള്ള നടപടികൾ സ്വീകരിക്കണം. വെറ്ററിനറി കോളജുകളിലും ക്ഷീരവികസനവകുപ്പിൻറെയും മൃഗസംരക്ഷണവകുപ്പിൻറെയും ലാബുകളിലും ഇതിനുള്ള സൗകര്യമുണ്ട്.



# റിലയൻസ് റീട്ടെയിലിൽ 4,966 കോടി നിക്ഷേപിക്കാൻ എ.ഡി.ഐ.എ




**കൊച്ചി:** അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റിയുടെ (എ.ഡി.ഐ.എ) ഉടമസ്ഥതയിലുള്ള ഉപസ്ഥാപനം റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ റിലയൻസ് റീട്ടെയിൽ വെഞ്ച്വേഴ്സ് ലിമിറ്റഡിൽ (ആർ.ആർ.വി.എൽ) 4,966.80 കോടി രൂപ നിക്ഷേപിക്കുന്നു. ഇതോടെ ആർ.ആർവിഎല്ലിലെ 0.59 ശതമാനം ഉടമസ്ഥത എ.ഡി.ഐ.എക്ക് ലഭിക്കും.

നിക്ഷേപകർ എന്ന നിലയിൽ എ.ഡി.ഐ.എയുമായുള്ള ബന്ധം കൂടുതൽ ആഴത്തിലാകുന്നതിൽ സന്തോഷമുണ്ടെന്ന് റിലയൻസ് റീട്ടെയിൽ വെഞ്ച്വേഴ്സ് ലിമിറ്റഡിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ഇഷ മുകേഷ് അംബാനി പറഞ്ഞു. ഇന്ത്യൻ റീട്ടെയിൽ മേഖലയിൽ തങ്ങളുടെ കാഴ്ചപ്പാടും പരിവർത്തനവും നടപ്പിലാക്കുന്നതിൽ കൂടുതൽ പ്രയോജനം ചെയ്യും. ഈ നിക്ഷേപം, ഇന്ത്യൻ സമ്പദ്വ്യവസ്ഥയിലും തങ്ങളുടെ ബിസിനസ് അടിസ്ഥാനകാര്യങ്ങളിലും നിർവഹണ ശേഷിയിലും അവർക്കുള്ള വിശ്വാസത്തിന്റെ കൂടുതൽ തെളിവാണെന്നും അവർ കൂട്ടിച്ചേർത്തു. അഭൂതപൂർവമായി വികസിച്ചുകൊണ്ടിരിക്കുന്ന ഒരു വിപണിയിൽ റിലയൻസ് റീട്ടെയിൽ ശക്തമായ വളർച്ച പ്രകടമാക്കിയിട്ടുണ്ടെന്ന് എ.ഡി.ഐ.എ പ്രൈവറ്റ് ഇക്വിറ്റീസ് ഡിപ്പാർട്ട്മെന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഹമദ് ഷാവൻ അൽദാഹേരി പറഞ്ഞു. റിലയൻസ് ഗ്രൂപ്പുമായി സഹകരിച്ച്, ഇന്ത്യയുടെ ചലനാത്മകവും അതിവേഗം വളരുന്നതുമായ ഉപഭോക്തൃ മേഖലയിലേക്കുള്ള ഞങ്ങളുടെ ഇടപെടൽ വർദ്ധിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ നിക്ഷേപ ഇടപാടിൽ മോർഗൻ സ്റ്റാൻലി റിലയൻസ് റീട്ടെയിൽ വെഞ്ച്വേഴ്സ് ലിമിറ്റഡിന്റെ സാമ്പത്തിക ഉപദേഷ്ടാവായും സിറിൽ അമർചന്ദ് മംഗൾദാസ്, ഡേവിസ് പോൾക്ക് ആൻഡ് വാർഡ്‌വെൽ എന്നിവർ നിയമോപദേശകരായും പ്രവർത്തിച്ചു. ആർ.ആർ.വി.എൽ 267 ദശലക്ഷം ഉപഭോക്താക്കൾക്ക് പലചരക്ക്, ഉപഭോക്തൃ ഇലക്ട്രോണിക്സ്, ഫാഷൻ, ലൈഫ്സ്റ്റൈൽ, ഫാർമ ഉത്പന്നങ്ങൾ എന്നിവ 8,500ലധികം സ്റ്റോറുകളും ഡിജിറ്റൽ കൊമേഴ്സ് പ്ലാറ്റ്ഫോമുകളും വഴി എത്തിക്കുന്നുണ്ട്.

# വിപ്രോ ബെംഗളൂരു മാരത്തൺ: അനീഷ് ഥാപ്പയും ജ്യോതി ഗവാട്ടെയും ചാമ്പ്യൻമാർ




**കൊച്ചി:** വിപ്രോ ബെംഗളൂരു ഫുൾ മാരത്തണിൽ സർവീസസിന്റെ അനീഷ് ഥാപ്പയും മഹാരാഷ്ട്രയുടെ ജ്യോതി ഗവാട്ടെയും കിരീടം ചൂടി. ഈ വർഷമാദ്യം എൻഇബി സ്പോർട്സ് സംഘടിപ്പിച്ച ന്യൂഡൽഹി മാരത്തണിൽ വിജയിച്ച അനീഷ് ഥാപ്പയുടെ സീസണിലെ രണ്ടാം വിജയമാണിത്.

2:18:06 സമയത്തിലായിരുന്നു താരത്തിന്റെ ഫിനിഷിങ്. അക്ഷയ് സൈനി (2:25:04), കുൽദീപ് സിംഗ് (2:26:38) എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. വനിതാവിഭാഗത്തിൽ 3:08:53 സമയത്തിലാണ് ജ്യോതി ഗവാട്ടെ ഓട്ടം പൂർത്തിയാക്കിയത്. കടുത്ത പോരാട്ടം നടത്തിയ അശ്വിനി ജാദവ് (3:09:00) രണ്ടാം സ്ഥാനത്തായി. പ്രാചി ഗോഡ്ബോലെയ്ക്കാണ് (4:13:17) മൂന്നാം സ്ഥാനം. ഹാഫ് മാരത്തണിൽ പുരുഷവിഭാഗത്തിൽ വൈഭവ് പാട്ടീൽ, നഞ്ചുണ്ടപ്പ മുനിയെല്ലാപ്പ,. ഗുരുപ്രസാദ് എന്നിവരും, വനിതകളിൽ ബിജോയ ബർമാൻ, ദീപ നായക്, കോമൾ സാഹ്നി എന്നിവരും യഥാക്രമം ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടി. 5 കി.മീ ഹോപ്പ് റണ്ണും മത്സരത്തിന്റെ ഭാഗമായി നടന്നു. കർണാടക ഗവർണർ തവർചന്ദ് ഗെലോട്ട് മത്സരം ഫൽഗ്ഓഫ് ചെയ്തു.

കായിക മന്ത്രി ബി.നാഗേന്ദ്ര എം.എൽ.എ അവാർഡ് ദാന ചടങ്ങിൽ അധ്യക്ഷനായി. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയും കർണാടക ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റുമായ ഗോവിന്ദരാജ് കെ, റേസ് ഡയറക്ടർ നാഗരാജ് അഡിഗ, വിപ്രോ ലിമിറ്റഡിന്റെ ചീഫ് ഹ്യൂമൻ റിസോഴ്സ് ഓഫീസർ സൗരഭ് ഗോവിൽ, ഇവന്റിന്റെ ബ്രാൻഡ് അംബാസഡർ ഡോ. റീത്ത് എബ്രഹാം, ശ്രീറാം പ്രോപ്പർട്ടീസ് ലിമിറ്റഡ് ചെയർമാൻ മുരളി മലയപ്പൻ തുടങ്ങിയവർ സംസാരിച്ചു.




# കേരള ഇൻസോൾവൻസി പ്രൊഫഷണൽസ് ഫോറം ഏകദിന സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** കേരള ഇൻസോൾവൻസി പ്രൊഫഷണൽസ് ഫോറം (കെ ഐ പി എഫ്) ഏകദിന സെമിനാർ സംഘടിപ്പിച്ചു. ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. എൻ സി എൽ ടി ചണ്ഡീഗഡ് ബഞ്ച് ജുഡീഷ്യൽഅംഗം ഡോ. പി എസ് എൻ പ്രസാദ് വിശിഷ്ടാതിഥിയായിരുന്നു ഫെഡറൽ ബാങ്ക് ലോൺ കളക്ഷൻ ആൻഡ് റിക്കവറി വിഭാഗം മേധാവി എൻ. രാജനാരായണൻ പ്രത്യേക അതിഥിയായിരുന്നു.

അഭിഭാഷകർ, കോസ്റ്റ് അക്കൗണ്ടന്റുമാർ കമ്പനി സെക്രട്ടറിമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, എന്നിവർ ജോലിയോട് എപ്പോഴും നീതി പുലർത്താൻ ശ്രമിക്കണമെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. അതീവ ദുർഘടമായ ചുമതല നിർവഹിക്കുമ്പോഴും നിഷ്പക്ഷത പുലർത്താൻ കഴിയുക എന്നത് ചെറിയ കാര്യമല്ല. എല്ലാവരെയും സംതൃപ്തരാക്കാൻ വേണ്ടിയുള്ളതല്ല നിയമങ്ങളും നീതിന്യായ സംവിധാനങ്ങളും. നീതിയുടെയും ന്യായത്തിന്റെയും വീക്ഷണകോണിൽ നിന്ന് നിന്ന് നിന്ന് നിയമം നടപ്പാക്കുക എന്നതാണ് പ്രാധാന്യമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രൊഫഷണൽ രംഗത്ത് നിൽക്കുന്നവർ അങ്ങേയറ്റം നിഷ്പക്ഷതയും വിശ്വാസ്യതയും പുലർത്തണമെന്ന് എൻ.രാജനാരായണൻ അഭിപ്രായപ്പെട്ടു. ഐ ബി സി നിയമസംവിധാനങ്ങൾക്ക് മുൻപെന്നത്തേക്കാളും പ്രസക്തിയുണ്ടെന്നും അദ്ദേഹം പറഞ്ഞു. മേഖലയിലും സാമ്പത്തിക അച്ചടക്കം അനിവാര്യമാണെന്നും സാമ്പത്തിക നിയമങ്ങൾ ആകർഷണമായി പാലിക്കപ്പെട്ടില്ലെങ്കിൽ രാജ്യത്തിന്റെ നിലനിൽപിന് തന്നെ അത് ഭീഷണിയാകുമെന്ന് ഡോ.പി എസ് എൻ പ്രസാദ് ചൂണ്ടിക്കാട്ടി.

കെ ഐ പി എഫ് ചെയർമാൻ കെ.കെ ജോസ് അധ്യക്ഷത വഹിച്ചു. പ്രൊഫഷണൽ ഡെവലപ്മെന്റ് കമ്മിറ്റി ചെയർമാൻ പി.ടി ജോയ്, സെക്രട്ടറി ഷോൺ ജെഫ് ക്രിസ്റ്റഫർ എന്നിവർ സംസാരിച്ചു.

സാങ്കേതിക സെഷനിൽ അഡ്വ.ജി.പി മദാൻ (ന്യൂഡൽഹി), അഡ്വ.അവിനാശ് കൃഷ്ണൻ രവി, അനിത ചന്ദ്രശേഖർ എന്നിവർ പ്രഭാഷണം നടത്തി.

